# അക്കാദമിക മാസ്റ്റർ പ്ലാൻ 2025

# ഹൈസ്കൂൾ പെരിങ്ങോട്

# ആമുഖം

പാലക്കാടിൽ പാതി പൂമുള്ളി എന്ന് പ്രസിദ്ധമായൊരു കാലഘട്ടത്തിൽ പൂമുള്ളി മനക്കാർ 1912ൽ ആണ് പെരിങ്ങോട് എൽ.പി. സ്കൂൾ ആരംഭിച്ചതെന്ന് രേഖകൾ പറയുന്നു. ആയിരത്തിതെള്ളായിരങ്ങളിൽ കേരളീയ ഗ്രാമങ്ങളിലുണ്ടായ വിദ്യാഭ്യാസ പ്രചരണത്തിനുണ്ടായ ത്വര തന്നെയായിരിക്കണം ഇത്തരമൊരു പുരോഗമന കാഴ്ച്ച പ്പാട് സ്വീകരിക്കാൻ പൂമുള്ളി മനക്കാരെ പ്രേരിപ്പിച്ച ഘടകം. കേരള മോഡൽ എന്ന് പ്രസിദ്ധമായ കേരള വികസന മാതൃകയുടെ അടിത്തറയായ പൊതു വിദ്യാഭ്യാ സത്തിന്റെ നേട്ടങ്ങൾ പെരിങ്ങോടിനേയും, സമീപപ്രദേശങ്ങളേയും സമൂഹങ്ങളിൽ എത്തിക്കാൻ നമ്മുടെ സ്കൂളും അതിന്റെ പങ്ക് വഹിച്ചിട്ടുണ്ട്.

1953 ൽ യു.പി., 1963 ൽ എച്ച്.എസ്., 2010ൽ എച്ച് എസ്.എസ് ആയും ഉയർത്ത പ്പെട്ടപ്പോഴും കാഴ്ച്ചപ്പാടിലും ചിന്താധാരകളിലും സാമൂഹ്യക്രമങ്ങളിലുമെല്ലാമുണ്ടായ മാറ്റങ്ങൾ നമ്മുടെ സ്ഥാപനത്തേയും സ്പർശിച്ചിട്ടുണ്ട്. 2015 ൽ കെ.ജി. സെക്ഷനും ആരംഭിച്ചു. ഇന്ന് കെ.ജി. മുതൽ ഹയർസെക്കന്ററി വരെ 3000ത്തിൽ അധികം കുട്ടികൾ പഠിക്കുന്ന ഈ സ്ഥാപനത്തിന്റെ സാമൂഹിക ഉത്തരവാദിത്വം വളരെ ഗൗരവമേറിയതു മാണെന്നുള്ളതുകൊണ്ടുതന്നെ കൃത്യത യാർന്ന പ്രവർത്തനങ്ങളും ആസൂത്രങ്ങളും ചെയ്യേണ്ടതുണ്ട്. 2009 ലെ വിദ്യാഭ്യാസ അവകാശ നിയമത്തിൽ പറയുന്ന പോലെ അന്താരാഷ്ട്ര നിലവാരമുള്ള ഒരു പൊതുവിദ്യാഭ്യാസ കേന്ദ്രമാ യും,മൂല്യബോധമുള്ള പുതുതലമുറയെ ഉണ്ടാക്കേണ്ടത് സമൂഹനന്മയ്ക്ക് അനിവാര്യമാണ് എന്നുള്ളതു കൊണ്ടും സമഗ്രഗുണമേന്മ വിദ്യാഭ്യാസത്തിന്റെ ഭാഗമായി കൊണ്ട് അക്കാദമിക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ കാലഘട്ടത്തിന്റെ ആവശ്യകതയാണ്.

മാതൃഭാഷ, ഇംഗ്ലീഷ്, ഹിന്ദി, ഗണിതം, സാമൂഹ്യശാസ്ത്രം എന്നിങ്ങനെ എല്ലാ അക്കാദമിക്ക് മേഖലകളിലും മികവു നേടി ഈ വിദ്യാലയത്തിൽ നിന്നും അധ്യയനം കഴിഞ്ഞിറങ്ങുന്ന പുത്തൻ തലമുറ ഒരു പുതുസമൂഹം സൃഷ്ടിക്കാൻ പ്രാപ്തമാ കണം. ശുചിത്വബോധവും, ശുചിത്വശീലവും വളർത്താൻ ഏറ്റവും അനുഗുണമായ ഘട്ടം സ്കൂൾ കാലഘട്ടമാണ്. ഇവ രണ്ടും കുട്ടികളിൽ വികസിക്കേണ്ട മൂല്യബോധ ങ്ങളാണെന്ന തിരിച്ചറിവോടെയാണ് ഈ പ്രോജക്ട് തയ്യാറാക്കുന്നത്.

വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും ആരോഗ്യ കായിക വിദ്യാഭ്യാസ ത്തിന്റെ ആവശ്യകതയും, ഗുണഗണങ്ങളും എത്തിക്കുന്നിതോടൊപ്പം സമ്പൂർണ്ണ കായിക ക്ഷമത കൈവരിക്കലും കൂടി ഇതിൽ ലക്ഷ്യമിട്ടിരിക്കുന്നു. കലാപാരമ്പ്യമുള്ള പെരിങ്ങോട് ഹൈസ്കൂളിനെ ഗുരുകുല സമ്പ്രദായത്തിലുള്ള പാഞ്ചവാദ്യത്തിനെ ചുവടുപിടിച്ചുകൊണ്ട് ഒരു കലാഗ്രാമമാക്കി മാറ്റാനും ഈ മാസ്റ്റർ പ്ലാനിൽ ഉദ്ദേശ മുണ്ട്. പോഷകാഹാരവും, അതിനായി ജൈവകൃഷി രീതികളും കുട്ടികളിൽ ശീലമാക്കുക എന്ന പ്രധാന മേഖലയും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

സിലബസിനും പാഠപുസ്തകങ്ങൾക്കുമപ്പുറം സാംസ്കാരികവും മാനസിക വുമായ ഉൾ കാഴ്ച്ച ഉള്ളൊരു സമൂഹത്തെ രൂപപ്പെടുത്തുന്നതിന് സ്കൂളിനോടൊപ്പം പൊതുസമൂഹം കൂടി കൈകോർത്തെങ്കിൽ മാത്രമേ സാധ്യമാകൂ എന്ന ബോധ്യം ഉൾക്കൊണ്ടുതന്നെയാണ് ഞങ്ങൾ ഈ അക്കാദമിക്ക് മാസ്റ്റർപ്ലാൻ തയ്യാറാക്കി

യിരിക്കുന്നത്. ആയതുകൊണ്ടുതന്നെ ഇത് സാമൂഹിക ഇടപ്പെടലിലൂടെ ഇനിയും മെച്ചപ്പെടും എന്ന് തന്നെയാണ് ഞങ്ങൾ വിശ്വസിക്കുന്നത്.

പൊതുസമൂഹത്തിന്റെ ക്രിയാത്മകമായ നിർദ്ദേശങ്ങളും ഇടപ്പെടലുകളും പ്രതീക്ഷിച്ചുകൊണ്ട് ഈ മാസ്റ്റർപ്ലാനിന്റെ രൂപരേഖ ഞങ്ങൾ പൊതുസമക്ഷം സമർപ്പിക്കുന്നു.

## ഇതളുകൾ വിരിയുമ്പോൾ

ചരിത്രം ഒരെത്തിനോട്ടം
വിദ്യാലയം മികവിന്റെ കേന്ദ്രം
പദ്ധതി രൂപീകരണ പ്രക്രിയ
നിലവിലെ അവസ്ഥാ വിശകലനം
ഔദ്യോഗിക ചുമതകൾ
നമ്മൾ നേരിടുന്ന വെല്ലുവിളികൾ
അക്കാദമിക പ്രവർത്തനങ്ങൾ ആമുഖം
മലയാളം
ഇംഗ്ലീഷ്
ഹിന്ദി
സാമൂഹ്യശാസ്ത്രം
ഗണിതം
ആരോഗ്യ കായിക വിദ്യാഭ്യാസം
കലാ വിഭാഗം
ശുചിത്വ മേഖല
പോഷകാഹാരവും ജൈവ കൃഷിയും
മൂല്യനിർണ്ണയ ചുമതല
ഉപസംഹാരം

## പെരിങ്ങോട് സ്കൂൾ ചരിത്രത്തിലേക്ക് ഒരെത്തിനോട്ടം

അരീക്കരവളപ്പിൽ നാരായണൻ എഴുത്തച്ഛന്റേയും അദ്ദേഹത്തിന്റെ അച്ഛൻ കൃഷ്ണൻ എഴുത്തച്ഛന്റേയും കാലം മുതൽക്ക് തന്നെ പ്രവർത്തിച്ചുവന്ന കുടിപ്പള്ളിക്കൂടം ഉണ്ടായിരുന്നു പെരിങ്ങോടിന്. ഒരച്ചാണൂര് പണിക്കൻമാർക്കും ഒരു കുടിപ്പള്ളിക്കൂടം ഉണ്ടായിരുന്നു. കുട്ടികൃഷ്ണപണിക്കർ, നാരായണപണിക്കർ എന്നിവരുടെ കാലങ്ങളിൽ ഇത് നടന്നിരുന്നു. പ്രാഥമിക വിദ്യാഭ്യാസത്തിനായി ചില പ്രമുഖ തറവാടുകളിൽ അദ്ധ്യാപകരെ വെച്ച് പഠിപ്പി ച്ചിരുന്നു. അരീക്കരവളപ്പിൽ നടന്നിരുന്ന കുടിപ്പള്ളിക്കൂടമാണ് ഇന്നത്തെ പെരിങ്ങോട് എ.എൽ.പി. സ്കൂളിന്റെ പ്രാഗ്രൂപം.

1912 ജൂൺ 12 ന് പൂമുള്ളി മനയിലെ അന്നത്തെ കാരണവരായിരുന്ന ശ്രീ പി.എം. നാരായണൻ നമ്പൂതിരിപ്പാടാണ് ഈ വിദ്യാലയം സ്ഥാപിച്ചത്. പൂമുള്ളി സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാടായിരുന്നു ആദ്യകാല കറസ്പോണ്ടന്റ്. ശ്രീ ജോർജ്ജ് മാസ്റ്റർ ആയിരുന്നു ആദ്യത്തെ ഹെഡ്മാസ്റ്റർ.

ആദ്യമായി രേഖാമൂലം 10 വിദ്യാർത്ഥികൾ പെരിങ്ങോട് ഹയർ എലിമെന്ററി സ്കൂൾ ശിശുക്ലാസിൽ ചേർന്നിട്ടുണ്ട്. ശിശുക്ലാസ് എന്ന പ്രാഥമിക പഠന വിഭാഗം സ്കൂളിൽ ഉണ്ടായിരുന്നു എന്ന് അനുമാനിക്കാം. സ്കൂളിൽ ചേർന്ന പല വിദ്യാർത്ഥികളുടേയും പേരു വിവരങ്ങൾ രേഖകളിൽ ചേർക്കാൻ വൈമനസ്യം ഉണ്ടായതായി തോന്നുന്നു. രേഖകളിൽ കാണുന്ന ആദ്യകാല വിദ്യാർത്ഥികളുടെ ചില വിവരങ്ങൾ ചുവടെ ചേർക്കുന്നു. തെക്കേടത്ത് ശങ്കുണ്ണി എഴുത്തച്ഛൻ മകൻ കൃഷ്ണനെഴുത്തച്ഛൻ 12-06-1912 പെരിങ്ങോട് എൽ.പി.സ്കൂളിൽ പഠിച്ചിരുന്നു. അതുപോലെ നീട്ടിയത്ത് നാരായണൻനായർ വൈദ്യർ മകൻ ദാമോദരൻനായരും കിളിക്കോട്ട് കൃഷ്ണനായർ മകൻ നാരായണൻനായരും മാമ്പ്ര അയ്യപ്പൻ മകൻ രാമനും ആദ്യത്തെ വിദ്യാർത്ഥികളാണ്. ആദ്യത്തെ വിദ്യാർത്ഥിനി ആത്രശ്ശേരി വാരിയത്ത് മാധവവാര്യർ മകൾ ലക്ഷ്മിക്കുട്ടി വാരസ്യാരാണ്.

1930കളിൽ ഈ വിദ്യാലയം അപ്പർ പ്രൈമറിയായി ഉയർത്തപ്പെട്ടു. 1962 ൽ ഹൈസ്കൂളായി ഉയർത്തപ്പെട്ട ഈ വിദ്യാലയത്തിന്റെ ഉദ്ഘാടനം ശ്രീമാൻ പി. ചിത്രൻ നമ്പൂതിരിപ്പാടാണ് നിർവ്വഹിച്ചത്. ആ കാലത്ത് സ്ഥലപരിമിതി അനുഭവപ്പെട്ടപ്പോൾ 4 ക്ലാസ് മുറികളുടെ സൗകര്യമുള്ള നമ്പ്യാർ ഹാൾ എന്ന കെട്ടിടം സംഭാവന ചെയ്തത് പി.ആർ. നമ്പ്യാരായിരുന്നു.

1965ൽ നമ്മുടെ ഹൈസ്ക്കൂളിന് പരിപൂർണ്ണ അംഗീകാരം ലഭിച്ചു. 1964ൽ ചില നിയമപരമായ കാരണങ്ങളാൽ എൽ.പി. വിഭാഗം വേർപ്പെടുത്തി. അത് ഇന്നത്തെ എ.എൽ.പി. സ്കൂൾ എന്നറിയപ്പെടുന്നു. പ്രഥമ ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി കെ.എം. ശങ്കരൻ നമ്പൂതിപ്പാട് നിയമിതനായി.

1965ൽ ഈ സ്കൂളിൽ നിന്നും ആദ്യത്തെ എസ്.എസ്.എൽ.സി ബാച്ച് ചാത്തനൂർ ഗവൺമെന്റ് സ്കൂളിൽ പോയി പരീക്ഷ എഴുതി 83 ശതമാനം റിസൾട്ടാണ് ലഭിച്ചത്. 1973ൽ ആണ് പെരിങ്ങോട് ഹൈസ്കൂളിൽ എസ്.എസ്.എൽ.സി പരീക്ഷ

സെന്റർ അനുവദിച്ചത്. 1973 ഫെബ്രുവരി മാസത്തിൽ പെരിങ്ങോട് സ്കൂളിന്റെ വജ്രജൂബിലി സമുചിതമായി ആഘോഷിച്ചു. 1999ൽ എസ്.എസ്.എൽ.സി പരീക്ഷക്ക് 600ൽ 592 മാർക്ക് നേടിയ അക്കരക്കാട്ടിൽ സന്ധ്യക്ക് ജില്ലയിൽ ഒന്നാം റാങ്കും സംസ്ഥാനത്ത് ഒമ്പതാം റാങ്കും ലഭിച്ചു.

പെരിങ്ങോട് സ്കൂൾ അതിന്റെ ആരംഭം മുതൽ കലാ, സാഹിത്യ, കായിക രംഗങ്ങളിൽ പഠനത്തോടൊപ്പം തന്നെ ഉന്നത നിലവാരം പുലർത്തിയിട്ടുണ്ട്. ഹെഡ്മാസ്റ്റർ ശ്രീ. കെ.എം. എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വവും മാനേജ്മെന്റിന്റെ അകമഴിഞ്ഞ സഹായവും ഇതിന് പ്രയോജനം ചെയ്തിട്ടുണ്ട്. യുവജനോത്സവ വേദികളിൽ ജില്ലാ മത്സരങ്ങളിൽ പലപ്പോഴും നമ്മൾ ഒന്നാമതായിട്ടുണ്ട്. 1975-76ൽ ആണ് നമ്മുടെ വിദ്യാലയത്തിൽ ശ്രീ. കെ.എം.എസ്. നമ്പൂതിരിപ്പാടിന്റേയും മാനേജ്മെന്റിന്റേയും സഹായത്തോടെ പഞ്ചവാദ്യപരിശീലനം തുടങ്ങുന്നത്. 1977 മുതൽ സംസ്ഥാന യുവജനോത്സവങ്ങളിൽ അഞ്ചാറു വർഷങ്ങൾ ഒഴിച്ച് ഒന്നാം സ്ഥാനം പെരിങ്ങോട് ഹൈസ്കൂളിനാണ്. 1980 ൽ കണ്ണൂരിൽ വെച്ച് നടന്ന സംസ്ഥാന യുവജനോത്സവത്തിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടിയ വിദ്യാലയം എന്ന ബഹുമതിയും നമുക്ക് ലഭിക്കുകയുണ്ടായി. അതുപോലെ 1981ലാണ് കഥകളി പ്രമോഷൻ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കഥകളി പരിശീലനം തുടങ്ങിയത്. ശ്രീ. വി.പി. രാമകൃഷ്ണൻ നായരായിരുന്നു കഥകളി പരിശീലിപ്പിച്ചിരുന്നത്.

1984ൽ എറാണാകുളം സംസ്ഥാന യുവജനോത്സവത്തിൽ കഥകളിയിൽ എ ഗ്രേഡോടെ ഒന്നാം സ്ഥാനം ലഭിച്ചത് ഉണ്ണികൃഷ്ണൻ എന്ന നമ്മുടെ വിദ്യാർത്ഥി ക്കായിരുന്നു. നിർധനരായ വിദ്യാർത്ഥികൾക്ക് മഴ നനയാതെ സ്കൂളിൽ എത്താനുള്ള സാഹചര്യം ഒരുക്കാൻ പ്രധാന അദ്ധ്യാപകനായിരുന്ന ശ്രീ. കെ.എം.എസ്. നമ്പൂതിരി പ്പാടും സഹപ്രവർത്തകരും കുട്ടികൾക്ക് വഴിക്കാട്ടികളായി തൊപ്പിക്കുട ധരിച്ച് സ്കൂളിലെത്തി. 2002 -03 അദ്ധ്യയന വർഷത്തിൽ രാകേഷ് പി.ആർ.ദേശീയതല ജൂനിയർ ക്രിക്കറ്റ് ചാമ്പ്യൻഷിപ്പിൽ കേരളത്തെ പ്രതിനിധീകരിക്കുകയുണ്ടായി. 2005-06 വർഷത്തിൽ ചെണ്ടമേളത്തിലും അറബി പദ്യത്തിനും കൂടി സംസ്ഥാനതല ഒന്നാം സ്ഥാനം പെരിങ്ങോട് നേടി. 1997 -98ൽ വർഷങ്ങളിൽ ഓയിൽ പെയിൻറിം ഗിലും, 2016-17, 17-18 വർഷങ്ങളിൽ ഹൈസ്കൂൾ വിഭാഗം നാടകത്തിലും സംസ്ഥാന തലത്തിൽ വിജയിക്കുകയുണ്ടായി. ഈ കാലയളവിൽ അരുന്ധതീവർമ്മ, സാന്ദ്ര എ.വി., ഐശ്വര്യ ടി.എം., ശിവരഞ്ജിനി എന്നിവർ സംസ്ഥാന മേളകളിൽ വെന്നി ക്കൊടി പാറിച്ചവരാണ്.

നൂറോളം പ്രശസ്ത കലാകാരൻമാരുള്ള പഞ്ചവാദ്യസംഘം കലോത്സവ വേദികളിൽ ഒതുങ്ങി നിൽക്കാതെ കേരളത്തിലും പുറത്തും, ഡൽഹി ഏഷ്യാഡിലും റിപ്പബ്ലിക്ക് ദിന പരേഡിലും, ആഫ്രിക്കയിലും പഞ്ചവാദ്യം അവതരിപ്പിച്ചു. ലിംകാ ബുക്ക് ഓഫ് റെക്കോഡിൽ വരെ പെരിങ്ങോട് സ്കൂൾ പഞ്ചവാദ്യ സംഘം ഉൾപ്പെട്ടി ട്ടുണ്ട്.

മാനേജർമാരായി സേവനമനുഷ്ഠിച്ചത് ശ്രീ. പി.എം. പരമേശ്വരൻ നമ്പൂതിരി പ്പാട്, ശ്രീ. പി.എം.സി. നാരായണൻ നമ്പൂതിരിപ്പാട്, ശ്രീ. പി.എം. നീലകണ്ഠൻ നമ്പൂതിരിപ്പാട് എന്നിവരാണ്. ഇപ്പോഴത്തെ മാനേജർ ശ്രീ. പി.എം. വാസുദേവൻ

നമ്പൂതിരിപ്പാടാണ്. കലാ സാംസ്കാരിക മേഖലകളിൽ ശുഭ്രതേജസ്വികളായി നിലകൊണ്ട ശ്രീ പൂമുള്ളി രാമൻ നമ്പൂതിരിപ്പാടും, ശ്രീ പാവേരി ശങ്കരനാരായണൻ നമ്പൂതിരി എന്നിവരും പ്രാതഃസ്മരണീയരാണ്. ലോകപ്രശ്സ്ത ശില്പിയായ ഡി.പി. റോയ് ചൗധരിയുടെ ശിഷ്യനായ വരിക്കാശ്ശേരി കൃഷ്ണൻ നമ്പൂതിരിപ്പാട് നിർമ്മിച്ച ആനയുടെ ശില്പം സ്കൂളിന്റെ പ്രൗഢിയെ ഉയർത്തിക്കാട്ടുന്നു. ശിൽപകലയിലും ചിത്രകലയിലും വിദ്യാലയത്തിലെ ചിത്രകലാദ്ധ്യാപകനായിരുന്ന ശ്രീ. ഗണപതി മാസ്റ്ററുടെ ശിഷ്യ സമ്പത്തുകൊണ്ടും അനുഗ്രഹീതമാണ് സ്കൂൾ അങ്കണവും, പെരിങ്ങോട് ഗ്രാമവും. കലാ, ശാസ്ത്രം, വൈദ്യ, സിവിൽസർവ്വീസ്, സൈനിക മേഖല കളിൽ പ്രശ്സതരായ ഒരുപാടുപേർ ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥികളാണ്. അതിൽ ചിലരുടെ പേരുകൾ മാത്രം ചുവടെ കൊടുക്കുന്നു.

കലാ.ബാലസുബ്രഹ്മണ്യൻ, കലാ. കുട്ടിനാരായണൻ, കലാ. കേശവൻ, കലാ. കേശവൻ, കലാ. സൂര്യൻ, കലാ. ചന്ദ്രൻ, സദനം ഭരതരാജൻ, കോട്ടക്കൽ ഉണ്ണികൃഷ്ണൻ, സുദേവൻ, അച്ചുതാനന്ദൻ, ബസന്ത്, അനിൽ ബാബു, ഉമേഷ്,അപർണ, ഉഷ, പല്ലീരി, വിനോദ്മാധവൻ, പെരിങ്ങോട് ശങ്കരനാരായണൻ, അബ്ദുൾ അഷറഫ്, ഡോ. പ്രേംകുമാർ, ഡോ. മാധവദാസ്, ഡോ. സന്ധ്യ അക്കരക്കാട്ടിൽ, ബാലഗംഗാധരൻ, കുട്ടിനാരായണൻ, എ.എൻ. ശ്രീകുമാർ, കെ.വി. ഉണ്ണികൃഷ്ണൻ, ഡോ. ശ്രീകൃഷ്ണൻ, ഉണ്ണികൃഷ്ണൻ, വിജയൻ, ലക്ഷ്മി, കെ. രാമചന്ദ്രൻ, ത്രിവിക്രമൻ, സോമസുധ, പവിത്രൻ, രാധാകൃഷ്ണൻ, വിദ്യാധരൻ, മണി, നൗഷാദ്, വേണു ഗോപാലൻ കെ.വി., കുട്ടിനാരായണൻ, മോഹൻദാസ്, ഉഷ, നളിനി, രാമസുന്ദരം, കുഞ്ഞിമോൻ, മണികണ്ഠൻ, സുബ്ഹ്മണ്യൻ, ഹരിദാസൻ സി.എം. തുടങ്ങിയവർ.

## വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ച്ചപ്പാട്

സ്കൂളിന്റെ ആത്യന്തികമായ ലക്ഷ്യം അക്കാദമിക മികവാണ്. ഇത് നേടുന്നതിനായി നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നു. നിലവാരം ഉയർത്തുന്നതിനും റിസൾട്ട് (യു.എസ്.എസ്., എസ്.എസ്.എൽ.സി.) മെച്ചപ്പെടുത്തുന്നതിനും പാഠ്യേതര പ്രവർത്തനങ്ങൾക്കും അതാത് സമയങ്ങളിൽ കൃത്യമായി ഇടപ്പെടലുകൾ നടത്തുന്നുണ്ട്. എന്നാൽ പലപ്പോഴും പൂർണ്ണതയിലെത്തുന്നില്ല. ദീർഘവീക്ഷണമില്ലാത്ത വസ്തുനിഷ്ഠമായ ആസൂത്രണമാണ് ഇതിന് കാരണം. ഈ അവസ്ഥ മറിക്കടക്കാനായി ഓരോ കുട്ടിയുടേയും സർവ്വതോൻമുഖമായ വളർച്ചക്ക് അനുകൂലമായ രീതിയിൽ ആസൂത്രണം മാറ്റേണ്ടതുണ്ട്. അതിനായി 5 വർഷം കൊണ്ട് നേടിയെടുക്കേണ്ട മികവുകളോടെ ഒരു രൂപരേഖയാണ് നമ്മുടെ വിദ്യാലയം തയ്യാറാക്കുന്നത്.

താൽക്കാലിക നേട്ടങ്ങൾക്കുപരിയായി ശാശ്വതമായ ഒരു പരിഹാരമായിരിക്കണം ലക്ഷ്യമിടേണ്ടത്. അക്കാദമികവും ഭൗതികവുമായ മേഖലയിൽ നിലവിലുള്ള സൗകര്യങ്ങൾ ക്കനുസൃതമായി ഇടപ്പെടലുകൾ അനിവാര്യതയാണ്. ഉദാഹരണമായി കേവലം വിജയശതമാനത്തിനപ്പുറം ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾ ഉൾപ്പെടെ മുഴുവൻ വിദ്യാർത്ഥികളേയും സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് എത്തിക്കുന്നതിന് പര്യാപ്തമായ രൂപരേഖയാണ് അക്കാദമിക മാസ്റ്റർ പ്ലാനിൽ സജ്ജീകരിച്ചിരിക്കുന്നത്.

കലാ,കായിക, ആരോഗ്യ മോഖലകളിലും പാരിസ്ഥിതിക അവബോധമുള്ള തലമുറയെ വാർത്തെടുക്കുന്നതിലും ഉതകുന്ന രീതിയിലുള്ള  ഇടപ്പെടലുകളാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്യുന്നത്.

ലോകത്തിലെ മികച്ച് വിദ്യാഭ്യാസ സംസ്കാരമുള്ള രാജ്യങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരത്തിലേക്ക് നമ്മുടെ കുട്ടികളെ ഉയർത്തുക എന്നത് പരമപ്രധാനമാണ്. ഇതിനായി കുട്ടികളുടെ സ്വതന്ത്രചിന്ത തടസ്സപ്പെടാതെ നിലവിലുള്ള സാഹചര്യങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് തന്നെ കുട്ടിയുടെ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം. (ഫീൽഡ്ട്രിപ്പ്, ലൈബ്രറി, ലാബ്, ഡിജിറ്റൽ മീഡിയ, തൊഴിൽ വിദഗദ്ധരുമായുള്ള കൂടിക്കാഴ്ച്ച, തൊഴിൽ പരിശീലനം) ഇത്തരത്തിലുള്ള പഠനസമ്പ്രദായം വിവിധ മേഖലകളിൽ നൈപുണ്യമുള്ള വ്യക്തിയെ സൃഷ്ടിക്കുന്നതിന് പര്യാപ്തമാണ് (ടാലന്റ് ലാബ്)

പ്രാദേശിക ഭരണസംവിധാനം വിദ്യാഭ്യാസ ഭരണസംവിധാനം, അദ്ധ്യാപക രക്ഷാകർതൃ സമിതി  എന്നിവയുടെ സഹായത്തോടെ വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങൾ ദീർഘാ കാലാടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ രൂപവത്ക്കരിക്കേണ്ടതുണ്ട്. കുടി വെള്ളം, ശുചിത്വം, ക്ലാസ് റൂം നവീകരണം, മികച്ച ഭക്ഷണം, ശുചിമുറികൾ എന്നിവ എല്ലാവർക്കും എക്കാലത്തും കൃത്യമായ രീതിയിൽ പ്രാപ്തമാക്കുന്നതിനാനുസൃതമായ പരിപാടികളാണ് രൂപീകരിച്ചിട്ടുള്ളത്.

## പദ്ധതി രൂപീകരണ പ്രക്രിയ

സർക്കാർ വിഭാവനം ചെയ്യുന്ന സ്വപ്ന പദ്ധതിയാണ് അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം. അതിന്റെ ഭാഗമായി വരുന്ന അഞ്ചു വർഷം കൊണ്ട് പൊതുവിദ്യാലയങ്ങളിലെല്ലാം സമഗ്രമായ മാറ്റങ്ങൾ ഇനിയും വരുത്തേണ്ടതുണ്ട്. പദ്ധതി പ്രവർത്തനത്തിന്റെ ആദ്യഘട്ടമായി ഉപജില്ലാ ഓഫീസറുടെ നേതൃത്വത്തിൽ പ്രോജക്ട് കൺവീനർ രാജൻ മാസ്റ്റർ ഓരോ വിദ്യാലയത്തിലേയും പ്രധാനാദ്ധ്യാപകർ, എസ്.ആർ.ജി. കൺവീനർമാർ, പി.ടി.എ. പ്രസിഡന്റുമാർ, എന്നിവർക്ക് മാസ്റ്റർ പ്ലാൻ എങ്ങിനെ തയ്യാറാക്കേണ്ടത് എന്നതിന്റെ നിർദ്ദേശങ്ങൾ തന്നു. ഇതനുസരിച്ച് ഈ വിദ്യാലയത്തിലെ അദ്ധ്യാപകരുടെ യോഗം ചേരുകയും കൂടുതൽ ശ്രദ്ധ ചെലുത്തേണ്ട മേഖലകൾ തിരഞ്ഞെടുക്കുകയും ചെയ്തു. തുടർന്ന് താൽപര്യമുള്ള മേഖല ഓരോരുത്തരും തിരഞ്ഞെടുക്കുകയും, ഒരു ദിവസം മുഴുവൻ നീണ്ടു നിൽക്കുന്ന ശിൽപശാല സംഘടിപ്പിക്കുകയും ചെയ്തു. കൂടുതൽ ചർച്ചകൾക്കായി വാട്സ് ആപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ചു. ചർച്ചകൾ ക്രോഡീകരിക്കുകയും അക്കാദമികം, കായികം, കല, ശുചിത്വം, ജൈവം എന്നീ മേഖലകളിൽ 5 വർഷത്തെ പ്രവർത്തനപരിപാടികൾ എഴുതി തയ്യാറാക്കുകയും ചെയ്തു. തുടർന്ന് സ്റ്റാഫ് കൗൺസിലിലും പി.ടി.എ. യോഗത്തിലും അവതരിപ്പിച്ച് കൂടുതൽ അഭിപ്രായ സമന്വയം വരുത്തി എച്ച്.എം. എസ്.ആർ.ജി. കൺവീനർ എന്നിവർ പി.ഇ.സിക്കു മുമ്പാകെ പപ്ലാൻ അവതരിപ്പിച്ചു.

## നിലവിലെ അവസ്ഥാ വിശകലനം

സാമ്പത്തിക സാമൂഹിക അസമത്വത്തിനുള്ളിൽ നിന്നുകൊണ്ട് മുഴുവൻ കുട്ടികളേയും ഒരു കുടക്കീഴിൽ അണിനിരത്തുക എന്ന ശ്രമകരമായ ദൗത്യമാണ് ഓരോ വിദ്യാലയവും ഏറ്റെടുക്കുന്നത്. നിലവിൽ വിദ്യാലയത്തിന്റെ ഏറ്റവും ചെറിയ യൂണിറ്റായ ക്ലാസ്മുറിയിൽ അദ്ധ്യാപകൻ വിവിധ സാമ്പത്തിക സാമൂഹിക നിലവാരത്തിലുള്ള കുട്ടികളെ കണ്ടെത്തുന്നുണ്ട്. പലപ്പോഴും സ്കോളർഷിപ്പുകൾക്കുള്ള കണ്ടെത്തലുകളായി ഇവ ചുരുങ്ങി പോകുന്നു. ഇടപ്പെടലുകൾ നടത്താറുണ്ടെങ്കിലും അക്കാദമിക പ്രവർത്തനങ്ങളുടേയും ഇതര പ്രവർത്തനങ്ങളുടേയും ബാഹുല്യം മൂലം പൂർണ്ണതയിലെത്താറില്ല. എങ്കിലും സ്കൂൾ സാന്ത്വനം ക്ലബിന്റെ ആഭിമുഖ്യത്തിൽ സഹപാഠിക്കൊരു സ്നേഹവീട് പണിയാൻ കഴിഞ്ഞു എന്നത് സാമൂഹിക ഇടപ്പെടലിന് ഉത്തമ ഉദാഹരണമാണ്. വിദ്യാലയത്തിലെ വിവിധ പ്രവർത്തനങ്ങൾക്കായി അദ്ധ്യപകരെ ചുമതലപ്പെടുത്തുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നുണ്ട്. വിശദവിവരങ്ങൾ അനുബന്ധത്തിൽ കൊടുത്തിരിക്കുന്നു.

പതിനായിരത്തോളം പുസ്തകങ്ങളുള്ള ലൈബ്രറി, യു.പി. ശാസ്ത്രലാബ്, മാസത്തിൽ രണ്ടുതവണ കൂടുന്ന സബ്ജക്ട് കൗൺസിൽ എല്ലാ മാസവും വിദ്യാലയ പ്രവർത്തനങ്ങളെ മുഴുവൻ വിലയിരുത്തുന്ന എസ്.ആർ.ജി.., സ്റ്റാഫ് എക്സിക്യൂട്ടീവ്, പിടിഎ യോഗങ്ങൾ, ഹൈടെക് പ്രീപ്രൈമറി കെട്ടിടം,ഡിജിറ്റൽ സ്മാർട്ട് റൂമുകൾ, പ്രകൃതിയോട് ഇണങ്ങി നിൽക്കുന്ന വിദ്യാലയന്തരീക്ഷം, ജൈവ പാർക്കുകൾ, വിശാലമായ കളിസ്ഥലം, ഓഡിറ്റോറിയങ്ങൾ, ആധുനീകസൗകര്യങ്ങളോടുകൂടിയ പാചകപ്പുര, കുടിവെള്ള സംവിധാനം, അഞ്ച് സ്കൂൾ വാഹനങ്ങൾ എന്നിവ നിലവിലുള്ള സൗകര്യങ്ങളാണ്.

## ഔദ്യോഗിക ചുമതലകൾ

| | | |
|---|---|---|
| പ്രധാനദ്ധ്യാപിക | - | വി. ശ്രീകല |
| ഉപ പ്രധാനദ്ധ്യാപിക | - | സി. ജയത |
| സ്റ്റാഫ് സെക്രട്ടറി | - | പി.ബി. അഭിലാഷ് |
| എസ്.ആർ.ജി. കൺവീനർ | - | കെ.വി. ഉണ്ണികൃഷ്ണൻ |
| പി.ടി.എ. പ്രസിഡന്റ് | - | രാധാകൃഷ്ണൻ കെ. |
| എം.പി.ടി.എ. പ്രസിഡന്റ് | - | നിഷ ഗണേഷ് |
| ഉച്ചഭക്ഷണം | - | എ. കൃഷ്ണകുമാർ |
| ലൈബ്രറി | - | എ.പി. സന്ധ്യ |
| ലാബ് | - | ഷാജി സി.എ., സി. ദീപ, ബിന്ദു കെ.എം. |
| എസ്.ഐ.ടി.സി. | - | റോജി പി. ജോർജ്ജ് |
| റിസോഴ്സ് ടീച്ചർ | - | സൽന |
| ജെ.ആർ.സി. | - | ഷാജിത്ത് സി.കെ. |
| സ്റ്റോർ | - | ആരിഫ് എം |
| എസ്.എസ്.ജി. ചെയർമാൻ | - | എൻ. ചന്ദ്രശേഖരൻ |
| എസ്.എം.സി. ചെയർമാൻ | - | എ. സേതുമാധവൻ |
| എസ്.പി.ജി. | - | അബ്ദുറഹ്മാൻ കെ. |

| DUTIES | |
|---|---|
| Deputy Hm | CJ |
| Staff Secretary | APB |
| SRG | KVU, SVR, APP |
| Noon Meal | AKK, KMJ |
| School Bus | APB, CAS, DPN |
| Uniform | MKS |
| Exam Duty | VPL, SPV, DKN, KRG |
| SITC | RPG, ATR |
| Scholarship | AKP, MKS |
| Youth Festival | KA, KMB, NA, Shabna |
| JRC | BNB, CKS, PAN |
| Discipline | KPV, CAS, VTV, APS, VSS, AKK, MKM |
| Vijayasree | ADL |
| Co-Operative Store | AM, PKP |
| ശുചിത്വം | TDB, KPP, VK |
| Little Kites | CD, DPN |
| ലഹരി / ജാഗ്രത | KA, CS |
| വിദ്യാരംഗം | CKS, VK |
| Library | KKS, SAP |
| പരിസ്ഥിതി | PR, KRG, Akhila |
| Teens Club | PMP, KKS, MKS |
| Election | VTV |
| ചികിത്സ / Insurance | VSS |
| വനിത സെൽ / ഭിന്നശേഷി | CJ, PMP |
| Substitution | VPL, SPV |
| സഞ്ചയിക | PL, KG |

| Subject Conveners | UP | HS |
|---|---|---|
| Malayalam | SAP | PMP |
| English | KCS | CS |
| Hindi | AMD | PL |
| Sanskrit | SP | ANK |
| Arabic | AM | KA |
| Science | KRG | |
| Physics | | AKP |
| Chemistry | | CD |
| Biology | | SPV |
| Social Science | DKN | KPP |
| Maths | BBK | ADL |
| Work Experience | MKS | MKS |

| Club Conveners | UP | HS |
|---|---|---|
| Vidhyarangam | VK | CKS |
| Malayalam | VK | CKS |
| English | KMJ | Akhila |
| Maths | MKM | BNB |
| Hindi | Aswathy | DPN |
| Science | ATR | |
| Physics | | AKP |
| Chemistry | | CD |
| Biology | | SPV |
| ഊർജ്ജം | | PR |
| Social Science | VSS | VTV |
| Arabic | AM | KA |
| Sanskrit | SP | ANK |

# തസ്തിക നിർണയ അപേക്ഷ 2025-26

## H. S. Peringode

| ആറാം പ്രവൃത്തിദിനം 2025-26 | | | | | | | | | | | | | | | | | | | | | | | | | | | | | | School Code : 20008 | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വിദ്യാർത്ഥികളുടെ എണ്ണം | | | | | | | | | | | | | | | | | | | | | | | | | | | | | | | | |
| | | All | | | SC | | | ST | | | MUSLIM | | | OTHER MINORITY | | | OBC | | | Others | | | APL | | | BPL | | | | | | |
| Class | Divs | B | G | Total | B | G | Total | B | G | Total | B | G | Total | B | G | Total | B | G | Total | B | G | Total | B | G | Total | B | G | Total | | | | |
| 5 | 5 | 109 | 103 | 212 | 19 | 22 | 41 | 0 | 0 | 0 | 47 | 46 | 93 | 1 | 0 | 1 | 30 | 28 | 58 | 12 | 7 | 19 | 46 | 40 | 86 | 63 | 63 | 126 | | | | |
| 6 | 6 | 124 | 118 | 242 | 31 | 18 | 49 | 1 | 0 | 1 | 50 | 55 | 105 | 0 | 0 | 0 | 24 | 30 | 54 | 18 | 15 | 33 | 55 | 53 | 108 | 69 | 65 | 134 | | | | |
| 7 | 6 | 117 | 122 | 239 | 22 | 19 | 41 | 0 | 0 | 0 | 40 | 53 | 93 | 1 | 1 | 2 | 35 | 32 | 67 | 19 | 17 | 36 | 53 | 55 | 108 | 64 | 67 | 131 | | | | |
| 8 | 9 | 195 | 180 | 375 | 40 | 33 | 73 | 0 | 0 | 0 | 68 | 80 | 148 | 1 | 0 | 1 | 62 | 47 | 109 | 24 | 20 | 44 | 78 | 77 | 155 | 117 | 103 | 220 | | | | |
| 9 | 7 | 150 | 153 | 303 | 25 | 26 | 51 | 0 | 0 | 0 | 54 | 63 | 117 | 0 | 2 | 2 | 51 | 46 | 97 | 20 | 16 | 36 | 64 | 61 | 125 | 86 | 92 | 178 | | | | |
| 10 | 7 | 170 | 153 | 323 | 30 | 27 | 57 | 0 | 0 | 0 | 68 | 73 | 141 | 1 | 0 | 1 | 49 | 38 | 87 | 22 | 15 | 37 | 78 | 70 | 148 | 92 | 83 | 175 | | | | |
| Total | | 865 | 829 | 1694 | 167 | 145 | 312 | 1 | 0 | 1 | 327 | 370 | 697 | 4 | 3 | 7 | 251 | 221 | 472 | 115 | 90 | 205 | 374 | 356 | 730 | 491 | 473 | 964 | | | | |

| മീഡിയം അടിസ്ഥാനമാക്കിയുള്ള കുട്ടികളുടെ എണ്ണം | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | Malayalam | | | English | | | Tamil | | | Kannada | | | ALL | | |
| STD | Boys | Girls | Total | Boys | Girls | Total | Boys | Girls | Total | Boys | Girls | Total | Boys | Girls | Total |
| 5 | 60 | 66 | 126 | 49 | 37 | 86 | 0 | 0 | 0 | 0 | 0 | 0 | 109 | 103 | 212 |
| 6 | 74 | 70 | 144 | 50 | 48 | 98 | 0 | 0 | 0 | 0 | 0 | 0 | 124 | 118 | 242 |
| 7 | 85 | 73 | 158 | 32 | 49 | 81 | 0 | 0 | 0 | 0 | 0 | 0 | 117 | 122 | 239 |
| 8 | 138 | 129 | 267 | 57 | 51 | 108 | 0 | 0 | 0 | 0 | 0 | 0 | 195 | 180 | 375 |
| 9 | 92 | 102 | 194 | 58 | 51 | 109 | 0 | 0 | 0 | 0 | 0 | 0 | 150 | 153 | 303 |
| 10 | 122 | 109 | 231 | 48 | 44 | 92 | 0 | 0 | 0 | 0 | 0 | 0 | 170 | 153 | 323 |
| Total | 571 | 549 | 1120 | 294 | 280 | 574 | 0 | 0 | 0 | 0 | 0 | 0 | 865 | 829 | 1694 |

| ഭാഷാടിസ്ഥാനത്തിലുള്ള കുട്ടികളുടെ എണ്ണം | | | | | | | | | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | Malayalam | | | Sanskrit | | | Arabic | | | Urudu | | | Gujarathi | | | Tamil | | | Kannada | | | Adt. Hindi | | | ALL | | |
| STD | B | G | Total | B | G | Total | B | G | Total | B | G | Total | B | G | Total | B | G | Total | B | G | Total | B | G | Total | B | G | Total |
| 5 | 52 | 41 | 93 | 29 | 24 | 53 | 28 | 38 | 66 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 109 | 103 | 212 |
| 6 | 55 | 50 | 105 | 32 | 21 | 53 | 37 | 47 | 84 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 124 | 118 | 242 |
| 7 | 62 | 59 | 121 | 29 | 25 | 54 | 26 | 38 | 64 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 117 | 122 | 239 |
| 8 | 106 | 82 | 188 | 44 | 43 | 87 | 45 | 55 | 100 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 195 | 180 | 375 |
| 9 | 81 | 81 | 162 | 41 | 28 | 69 | 28 | 44 | 72 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 150 | 153 | 303 |
| 10 | 101 | 78 | 179 | 42 | 29 | 71 | 27 | 46 | 73 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 170 | 153 | 323 |
| Total | 457 | 391 | 848 | 217 | 170 | 387 | 191 | 268 | 459 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 865 | 829 | 1694 |

### Staff Details of H. S. Peringode

| Sl No | Name | PEN | Designation | Seniority Rank | Date of birth |
|---|---|---|---|---|---|
| 1 | V SREEKALA | 281575 | HEADMASTER | 1 | 25/05/1972 |
| 2 | P AJITHKUMAR | 281665 | HST Physical Science | 4 | 15/12/1978 |

| | | | | | |
|---|---|---|---|---|---|
| 3 | C.DEEPA | 281640 | HST Physical Science | 2 | 28/05/1974 |
| 4 | P B ABHILASH | 281668 | HST Physical Science | 5 | 31/05/1982 |
| 5 | SHAJI C A | 281622 | HST Physical Science | 1 | 21/03/1976 |
| 6 | P REVI | 281544 | HST Physical Science | 3 | 26/04/1972 |
| 7 | P K PRATHEEP | 281663 | HST Natural Science | 3 | 02/04/1975 |
| 8 | P V SINDHU | 281623 | HST Natural Science | 2 | 01/06/1973 |
| 9 | BINDU K M | 281604 | HST Natural Science | 1 | 01/04/1975 |
| 10 | BHAVANA B | | HST Mathematics | 4 | 11/11/1999 |
| 11 | DIVYALAKSHMI A | 866832 | HST Mathematics | 3 | 30/05/1982 |
| 12 | V V YOSHI | 456596 | HST Mathematics | 2 | 15/04/1974 |
| 13 | C JAYATHA | 281566 | HST Mathematics | 1 | 23/02/1970 |
| 14 | SRUTHI M | | HST Mathematics | 5 | 13/01/1990 |
| 15 | K V UNNIKRISHNAN | 281648 | HST Social Science | 5 | 18/05/1972 |
| 16 | A P SMITHA | 281639 | HST Social Science | 4 | 23/03/1976 |
| 17 | K P PRIYA | 281608 | HST Social Science | 3 | 23/05/1974 |
| 18 | V T VASUDEVAN | 281594 | HST Social Science | 2 | 23/05/1974 |
| 19 | M N SOBHA | 281564 | HST Social Science | 1 | 28/04/1971 |
| 20 | SALINI C | 934652 | HST English | 4 | 20/05/1990 |
| 21 | SOWMYA V | 780280 | HST English | 3 | 14/05/1984 |
| 22 | T D BIJI | 456558 | HST English | 2 | 18/01/1979 |
| 23 | V PUSHPALATHA | 281664 | HST English | 1 | 01/10/1975 |
| 24 | AKHILABABY | | HST English | 5 | 07/11/1989 |
| 25 | ROJI P GEORGE | 281585 | HST Malayalam | 2 | 10/05/1974 |
| 26 | SHAJITH C K | | HST Malayalam | 4 | 06/05/1982 |
| 27 | K K SANDHIA | 281673 | HST Malayalam | 3 | 01/11/1979 |
| 28 | P M PRASEEDA | 281631 | HST Malayalam | 1 | 30/05/1976 |
| 29 | DIVYA P NAIR | 970694 | HST Hindi | 3 | 20/07/1985 |
| 30 | K GEETHA | 281649 | HST Hindi | 2 | 31/05/1974 |
| 31 | P LATHA | 281633 | HST Hindi | 1 | 22/09/1971 |
| 32 | K ABDU RAHMAN | 456562 | HST Arabic | 1 | 30/05/1986 |
| 33 | ARUNDHATHY VARMA N K | 858972 | HST Sanskrit | 1 | 07/05/1994 |
| 34 | K P VASUDEVAN | 281479 | Physical Education Teacher (HS) | 1 | 24/05/1971 |
| 35 | SHEREENA M K | 862200 | Sewing Teacher (HS) | 1 | 05/11/1993 |
| 36 | VIDHYA K | | U.P.S.T | 14 | 25/05/1984 |
| 37 | BAVIYA BABU K | | U.P.S.T | 13 | 07/09/1996 |
| 38 | RAJI K N | 921041 | U.P.S.T | 11 | 13/03/1990 |
| 39 | RADHIKA A T | 921042 | U.P.S.T | 12 | 22/02/1991 |

| | | | | | |
|---|---|---|---|---|---|
| 40 | NAJUMA K | 921043 | U.P.S.T | 10 | 04/05/1980 |
| 41 | GREESHMA K R | 862202 | U.P.S.T | 9 | 01/05/1990 |
| 42 | DEVIKA K N | 831618 | U.P.S.T | 8 | 15/05/1980 |
| 43 | SANDHYA A P | 795232 | U.P.S.T | 7 | 29/05/1978 |
| 44 | JISHA K M | 742431 | U.P.S.T | 6 | 10/11/1979 |
| 45 | A KRISHNAKUMAR | 456605 | U.P.S.T | 5 | 29/05/1972 |
| 46 | V SURESH | 318898 | U.P.S.T | 4 | 12/02/1980 |
| 47 | MINI K MENON | 281647 | U.P.S.T | 3 | 31/05/1972 |
| 48 | K C SINDHU | 281636 | U.P.S.T | 2 | 20/01/1974 |
| 49 | A P PADMAJA | 281593 | U.P.S.T | 1 | 31/05/1971 |
| 50 | SABNA K K | | U.P.S.T | 15 | 07/02/1988 |
| 51 | A M DEEPA | 281617 | Junior Language Teacher (Hindi) | 1 | 20/05/1972 |
| 52 | ASWATHY KRISHNNAN | | Junior Language Teacher (Hindi) | 2 | 18/03/1993 |
| 53 | ARIF M | 822939 | Junior Language Teacher (Arabic) (UP) | 1 | 23/11/1988 |
| 54 | SREEJA P | 281611 | Junior Language Teacher (Sanskrit) | 1 | 10/05/1974 |
| 55 | NARAYANAN P A | 611421 | Music Teacher (UP) | 1 | 18/11/1974 |
| 56 | SATHEESH P | 795234 | Clerk | 2 | 05/01/1986 |
| 57 | SURESHKUMAR E | 682241 | Clerk | 1 | 17/11/1976 |
| 58 | SANOOP K | 679330 | Office Attendant | 2 | 30/01/1986 |
| 59 | K SHEENA | 281657 | Office Attendant | 1 | 27/11/1979 |
| 60 | RAJEESH R | 814277 | Full Time Menial | 1 | 02/05/1987 |
| 61 | RAMESH T | 898038 | Full Time Menial | 3 | 27/05/1982 |
| 62 | DEVAN K V | 860120 | Full Time Menial | 2 | 04/07/1988 |

**2025-26 വർഷത്തെ വിദ്യാർഥികളുടെ എണ്ണംറീ - അഡ്മിഷനുകൾ മുതലായ വിവരങ്ങൾ [H. S. Peringode]**

| ക്ലാസ് / എണ്ണം /ഡിവിഷൻ | V | VI | VII | VIII | IX | X | ആകെ |
|---|---|---|---|---|---|---|---|
| (1) ആറാം സാധ്യായ ദിനത്തിലെ കുട്ടികളുടെ എണ്ണം | 212 | 242 | 239 | 375 | 303 | 323 | 1694 |
| (2) ആറാം സാധ്യായ ദിനത്തിലെ വാലിഡ് യു.ഐ.ഡി നമ്പർ ഉള്ള കുട്ടികളുടെ റോൾ സ്ട്രെങ്ത് | 212 | 242 | 239 | 375 | 303 | 322 | 1693 |
| (3) ആറാം സാധ്യായ ദിനത്തിലെ കുട്ടികളുടെ എണ്ണത്തിൽ / യു.ഐ .ഡി വെരിഫിക്കേഷനിൽ ഇൻവാലിഡ് ആയിട്ടുള്ള യു.ഐ .ഡി കളുടെ എണ്ണം | 0 | 0 | 0 | 0 | 0 | 0 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| (4) ആറാം സാധ്യായ ദിനത്തിലെ കുട്ടികളുടെ എണ്ണത്തിൽ യു.ഐ .ഡി,വെരിഫിക്കേഷനിൽ ഇൻവാലിഡ് ആയ യു.ഐ .ഡി കളുടെ ഫോട്ടോ അപ്‌ലോഡ് ചെയ്തിട്ടുള്ള കുട്ടികളുടെ എണ്ണം | | | | | | | 0 |
| (5) ആറാം സാധ്യായ ദിനത്തിലെ കുട്ടികളുടെ എണ്ണത്തിൽ യു.ഐ .ഡി ഇല്ലാത്ത കുട്ടികളുടെ എണ്ണം | 0 | 0 | 0 | 0 | 0 | 1 | 1 |
| (6) റീ - അപ്ലിക്കേഷനുകൾ | 0 | 0 | 0 | 0 | 0 | 0 | 0 |
| **അറബിക്** | | | | | | | |
| (7) അറബിക് കുട്ടികളുടെ എണ്ണം | 66 | 84 | 64 | 100 | 72 | 73 | 459 |
| (8) അറബിക് റീ - അപ്ലിക്കേഷനുകൾ | 0 | 0 | 0 | 0 | 0 | 0 | 0 |
| **സംസ്കൃതം** | | | | | | | |
| (9) സംസ്കൃതം കുട്ടികളുടെ എണ്ണം | 53 | 53 | 54 | 87 | 69 | 71 | 387 |
| (10) സംസ്കൃതം റീ - അപ്ലിക്കേഷനുകൾ | 0 | 0 | 0 | 0 | 0 | 0 | 0 |
| **ഉറുദു** | | | | | | | |
| (11) ഉറുദു കുട്ടികളുടെ എണ്ണം | 0 | 0 | 0 | 0 | 0 | 0 | 0 |
| (12) ഉറുദു റീ - അപ്ലിക്കേഷനുകൾ | | | | | | | 0 |
| **തമിഴ്** | | | | | | | |
| (13) തമിഴ് കുട്ടികളുടെ എണ്ണം | 0 | 0 | 0 | 0 | 0 | 0 | 0 |
| (14) തമിഴ് റീ - അപ്ലിക്കേഷനുകൾ | | | | | | | 0 |
| **കന്നഡ** | | | | | | | |
| (15) കന്നഡ കുട്ടികളുടെ എണ്ണം | 0 | 0 | 0 | 0 | 0 | 0 | 0 |
| (16) കന്നഡ റീ - അപ്ലിക്കേഷനുകൾ | | | | | | | 0 |
| **ഗുജറാത്തി** | | | | | | | |
| (17) ഗുജറാത്തി കുട്ടികളുടെ എണ്ണം | 0 | 0 | 0 | 0 | 0 | 0 | 0 |
| (18) ഗുജറാത്തി റീ - അപ്ലിക്കേഷനുകൾ | | | | | | | 0 |

## നമ്മൾ നേരിടുന്ന വെല്ലുവിളികൾ

- സാമ്പത്തിക, സാമൂഹിക അസമത്വം
- പഠന സമ്പ്രദായത്തിന്റെ അപര്യാപ്തത
- പഠന പ്രവർത്തനങ്ങളുടെ ബാഹുല്ല്യം
- പാഠ്യേതരപ്രവർത്തനങ്ങളുടെ ചിട്ടയില്ലായ്മ
- ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത
- വിദ്യാഭ്യാസ മോണിറ്ററിംഗിന്റെ കുറവ്
- കൊഴിഞ്ഞുപോക്ക് തടയാനായി സാഹചര്യങ്ങൾ വിലയിരുത്താതെ നടപ്പിലാക്കിയ സിസ്റ്റം
- ശാരീരിക ആരോഗ്യ ക്ഷമതയുടെ കുറവ്
- വിഷവിമുക്ത ഭക്ഷണ ശീലങ്ങളുടെ കുറവ്
- അഭിരുചിക്കനുസരിച്ചുള്ള പാഠ്യ പദ്ധതിയുടെ അപര്യാപ്തത
- രചനാ വൈദഗ്ധ്യങ്ങളും സർഗ്ഗവാസനകളും മെച്ചപ്പെടുത്താനുള്ള സാഹചര്യക്കുറവ്.

## അക്കാദമിക പ്രവർത്തനങ്ങൾ

**ആമുഖം**

വായിച്ചുവളരുക, ചിന്തിച്ചു വിവേകി ആവുക എന്ന ലക്ഷ്യം വെച്ച് നമ്മുടെ വിദ്യാലയത്തിലെ എല്ലാ വിദ്യാർത്ഥികളേയും ഉൾപ്പെടുത്തിക്കൊണ്ട് വിഭാവനം ചെയ്ത ഒരു ബൃഹത്സംരംഭത്തിന്റെ ആദ്യപടി.'A child without education is like a bird without wings'. ഒരു പഴഞ്ചൊല്ല് ഇങ്ങനെ പറയുന്നു വേണ്ട കാര്യങ്ങൾ ഭംഗി യായി നിലവിലുള്ള സാഹചര്യങ്ങൾ ഉപയോഗിച്ച് നൽകുക എന്നതാണ് പ്രധാനമായ കാര്യം മാതൃഭാഷ, ഇംഗ്ലീഷ്, ഹിന്ദി, ഗണിതം, സാമൂഹ്യശാസ്ത്രം, ശാസ്ത്രം എന്നി ങ്ങനെ എല്ലാ അക്കാദമികമേഖലയിലും മികവ് നേടി ഈ വിദ്യാലയത്തിൽ നിന്ന് അദ്ധ്യയനം കഴിഞ്ഞിറങ്ങുന്ന പുത്തൻ തലമുറ ഒരു പുതുസമൂഹം സൃഷ്ടിക്കാൻ പ്രാപ്തമാകണം. മൂല്യശോഷണം യഥോചിതം പരിഹരിച്ച് മൂല്യാധിഷ്ഠിതമായ ഒരു വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കാൻ പെരിങ്ങോട് ഹയർസെക്കണ്ടറിസ്കൂൾ ഏറ്റെടുത്ത് 2025-26 അദ്ധ്യയനവർഷം മുതൽ നടപ്പിൽ വരുത്താനുദ്ദേശിക്കുന്ന ഒരു പ്രോജക്ട്

**മേഖല : അക്കാദമിക പ്രവർത്തനങ്ങൾ**
**ഉപമേഖല - മലയാള ഭാഷ**

**ലക്ഷ്യങ്ങൾ**

1. കുട്ടികൾ തെറ്റുകൂടാതെ അക്ഷരങ്ങൾ ചിഹ്നം ചേർത്ത് എഴുതുന്നു. വായിക്കുന്നു.

**പ്രവർത്തനങ്ങൾ**

അക്ഷരങ്ങൾ എഴുതിയ ചാർട്ടുകൾ, ഫ്ളാഷ് കാർഡുകൾ, വാക്കുകൾഎഴുതിയ കാർഡുകൾ എന്നിവ ഉപയോഗിച്ച് അക്ഷരം, വാക്ക് എന്നിവ ഉറപ്പിക്കുന്നു. ബ്ലാക്ക് ബോർഡിൽ അക്ഷരങ്ങളും വാക്കുകളും എഴുതി വായിപ്പിക്കുകയും ചെയ്യുന്നു. (പ്രത്യേക മെഡ്യൂൾ തയ്യാറാക്കി)

**കാലം**

ഹ്രസ്വകാലം (2 മാസം) എല്ലാ ദിവസവും ഒരു മണിക്കൂർ ജൂൺ ജുലായ്

**മൂല്യനിർണ്ണയരീതി**

ആഴ്ചയിലെ അവസാന ദിവസം വായന, കേട്ടെഴുത്ത് എന്നിവ നടത്തി ഉറപ്പു വരുത്തുന്നു.

2. കുട്ടികൾ തെറ്റുകൂടാതെ വായിക്കുന്നു, കേട്ട് എഴുതുന്നു.

**പ്രവർത്തനങ്ങൾ**

Substitution table ഉപയോഗിച്ച് വാക്യങ്ങൾ ഉണ്ടാക്കി വായിപ്പിക്കുന്നു.
കൗതുക വാർത്തകൾ, ചെറുവാർത്തകൾ, ചിത്രകഥകൾ എന്നിവ വായിക്കുന്നു. എഴുതുന്നു.

**കാലം**

ഹ്രസ്വകാലം (1 മാസം)ആഗസ്റ്റ്

**മൂല്യനിർണ്ണയരീതി**

വായിച്ച വാചകങ്ങൾ വൃത്തിയായി എഴുതി പോർട്ട് ഫോളിയോയിൽ വെക്കുക

3. കുട്ടികൾ അർത്ഥം മനസ്സിലാക്കി (sense group)വായിക്കുന്നു

**പ്രവർത്തനങ്ങൾ**

ചിത്രകഥകൾ വായിച്ച് ക്ലാസ്സിൽ അവതരിപ്പിക്കുന്നു. ഡയറി തയ്യാറാക്കി വായിപ്പിക്കുക ചെറിയ കഥകൾ, കവിതകൾ എന്നിവ വായിക്കുക

**കാലം**

ഹ്രസ്വകാലം(1 മാസം) സെപ്റ്റംബർ

**മൂല്യനിർണ്ണയരീതി**

അദ്ധ്യാപകൻ വിലയിരുത്തുക

4. വായന പരിപോഷിപ്പിക്കപ്പെടുന്നു.

**പ്രവർത്തനങ്ങൾ**

ഭാഷ സ്വായത്തമായ വിദ്യാർത്ഥിൾക്ക് കഥകൾ, കവിതകൾ, ലേഖനങ്ങൾ എന്നിവ അഭിരുചിക്കനുസരിച്ച് ലഭ്യമാക്കി വായിപ്പിക്കുന്നു.

**കാലം**

മധ്യമകാലം(ഒരു വർഷം)ആഴ്ചയിൽ ഒരെണ്ണം(ജൂൺ മുതൽ മാർച്ച് വരെ)

**മൂല്യനിർണ്ണയരീതി**

വായിക്കുന്ന ഭാഗങ്ങളുടെ ആസ്വാദനകുറിപ്പ് പോർട്ട്ഫോളിയോയിൽ ചേർക്കുക.

5. സർഗ്ഗാത്മക രചനകൾ നടത്തുന്നു.

**പ്രവർത്തനങ്ങൾ**

കുട്ടികൾക്ക് topic കൊടുത്ത് കഥ, കവിത, ഉപന്യാസം എന്നിവ എഴുതിപ്പിക്കുന്നു. മത്സരങ്ങളിൽ പങ്കെടുപ്പിച്ച് മെച്ചപ്പെടുത്തുന്നു. ചുമർമാസിക, ക്ലാസ്സ്മാസിക എന്നിവ നിർമ്മിക്കുന്നു.

**കാലം**

മധ്യമകാലം ആഴ്ചയിൽ ഒന്ന്. ഹോംവർക്ക് ജൂൺ മാർച്ച്

**മൂല്യനിർണ്ണയ രീതി**

മറ്റ് തിരുത്തി പോർട്ടാളിയോയിൽ ചേർക്കുക

6. സർഗ്ഗാത്മകത പ്രകടിപ്പിക്കുന്നു

കവിത ചൊല്ലൽ, പ്രസംഗം,സംഭാഷണാവതരണം എന്നിവ നടത്തുന്നു സ്കിറ്റ് അവതരണം സംവാദം എന്നിവ നടത്തുന്നു.

**കാലം**

മധ്യമകാലം മാസത്തിൽ ഒന്ന് സാഹിത്യസമാജം പിരിയഡ്

**മൂല്യനിർണ്ണയരീതി**

അദ്ധ്യാപകൻ വിലയിരുത്തുന്നു

7. ക്രിയാത്മക പഠനം നടത്തുന്നു. അതിനു വേണ്ടി IT സങ്കേതം ഉപയോഗിക്കുന്നു. വിഷയാധിഷ്ഠിതമായി വിവരശേഖരണം നടത്താൻ സഹായിക്കുന്നു Internet, പുസ്തകങ്ങൾ എന്നിവ പരിശോധിച്ച് പ്രത്യേക വിഷയങ്ങളിൽ രചനകൾ ശേഖരിച്ചു വായിക്കുന്നു.

മധ്യമ കാലം ആഴ്ചയിൽ ഒന്ന് ജൂൺമാർച്ച്

**മൂല്യനിർണ്ണയരീതി**

പോർട്ട്ഫോളിയോയിൽ ചേർക്കുന്നു.

8. വായനശീലം വളർത്തുന്നു.

**പ്രവർത്തനങ്ങൾ**

ക്ലാസ്സിൽ ലൈബ്രറി സംവിധാനം സ്ഥാപിക്കുക. വായിച്ചു രസിക്കാനും, റഫറൻസിനും ഉള്ള പുസ്തകങ്ങൾ ഉൾപ്പെടുത്തുക. അദ്ധ്യാപകരും വിദ്യാർത്ഥികളും അവരവരുടെ പിറന്നാളിന് ഒരു പുസ്തകം ലൈബ്രറിക്ക് കൈമാറുക. ശേഖരിച്ച പുസ്തകങ്ങൾ നമ്പർ ഇട്ട് കുട്ടികൾക്ക് ലഭ്യമാക്കുക. അങ്ങനെ ആഴ്ചയിൽ ഒരു പുസ്തകം വായിക്കുക എന്ന ലക്ഷ്യം കൈവരിക്കുക

**സാമ്പത്തികം**

പുസ്തകങ്ങൾ വാങ്ങൽ, അടച്ചുറപ്പുള്ള മുറി സജ്ജീകരണം

മുറി ഒന്നിന് 5,00,000/

18മുറികൾ - 5,00,000 * 18

90,00,000/

ഫയൽ, A4 paper, പാർട്ട്, പേന1000/

**ഉപമേഖല - ഇംഗ്ലീഷ്**

**ലക്ഷ്യങ്ങൾ**

**1. അക്ഷരങ്ങൾ തിരിച്ചറിഞ്ഞ് വായിക്കുക,എഴുതുക**

**പ്രവർത്തനങ്ങൾ**

ബ്ലാക്ക്ബോർഡ്, ചാർട്ട്,ഫ്ളാഷ് കാർഡ് എന്നിവ ഉപയോഗിച്ച് അക്ഷരങ്ങൾ ഉറപ്പിക്കുക. power point presentation ഉപയോഗപ്പെടുത്തിയും അക്ഷരം ഉറപ്പിക്കുന്നു. അക്ഷരങ്ങളുടെ strokes എഴുതി ശീലിപ്പിക്കുന്നു. കയ്യക്ഷരം നന്നാക്കാൻ കണ്ടെഴുത്ത് ശീലമാക്കുന്നു.അക്ഷര clusters പഠിപ്പിച്ച് വായിപ്പിക്കുന്നു (module പ്രത്യേകം തയ്യാറാക്കിയത്).

**കാലം** - ഹ്രസ്വകാലം.(രണ്ട്മാസം) ഒക്ടോബർ നവംബർ ദിവസം ഒരു മണിക്കൂർ

**മൂല്യനിർണ്ണയരീതി**

എല്ലാ ആഴ്ചയിലും ഒരു ദിവസം മൂല്യനിർണ്ണയം(പരീക്ഷ) നടത്തുന്നു.

**2. തെറ്റുകൂടാതെ ഉച്ചാരണശുദ്ധിയോടെ വായിക്കുന്നു.**

**പ്രവർത്തനങ്ങൾ**

അക്ഷരങ്ങൾ ചേർത്ത് വാക്കുകൾ ഉണ്ടാക്കാൻ പരിശീലിപ്പിക്കുന്നു. അവ കൊണ്ട് വാചകങ്ങൾ നിർമ്മിച്ച് വായിപ്പിക്കുന്നു. അർത്ഥം പഠിപ്പിക്കുന്നു.

ഉദാ: ക്ലാസ്സുമുറിയിലെ വസ്തുക്കളുടെ പേരുകൾ(noun), ക്ലാസ്സുമുറിയിൽ കുട്ടികൾ അല്ലെങ്കിൽ അദ്ധ്യാപകർ ചെയ്യുന്ന പ്രവൃത്തികൾ(verb) വസ്തുക്കളെ വിവരിക്കാൻ ഉപയോഗിക്കുന്ന പദങ്ങൾ (ക്രിയാവിശേഷണം)എന്നിങ്ങനെ.

**കാലം** - ഹ്രസ്വകാലം.ഡിസംബർ, ജനുവരി 2018

**മൂല്യനിർണ്ണയരീതി**

എല്ലാ ആഴ്ചയിലും ഒരു ദിവസം മൂല്യനിർണ്ണയം(പരീക്ഷ) നടത്തുന്നു.

**3. ഇംഗ്ലീഷ് കേട്ട് എഴുതുന്നു.**

**പ്രവർത്തനങ്ങൾ**

കൃത്യമായ ഇടവേളകളിൽ കേട്ടെഴുത്ത് എടുക്കുന്നു.വാക്കുകൾ പരിശീലിച്ചു കഴിഞ്ഞാൽ ഖണ്ഡികകൾ കേട്ട് എഴുതിപ്പിക്കുന്നു.

ഹ്രസ്വകാലം. ഫെബ്രുവരി 2018

**മൂല്യനിർണ്ണയരീതി**

അദ്ധ്യാപകൻ മൂല്യനിർണ്ണയം നടത്തുന്നു.

**4. ഇംഗ്ലീഷ് കേട്ട് മനസ്സിലാക്കുന്നു.പറയുന്നു. Listening,speaking**

**പ്രവർത്തനങ്ങൾ**

അദ്ധ്യാപകൻ തന്റെ നിർദ്ദേശങ്ങൾ പറഞ്ഞ് കുട്ടികളെകൊണ്ട് ചെയ്യിക്കുന്നു. ഉദഃ open the book, come in,give me a scale etc. ചെറിയ കഥകൾ പറയുകയും മറ്റു ചിലത് വായിച്ച് കൊടുക്കുകയും ചെയ്യുന്നു ഇംഗ്ലീഷ് day observe ചെയ്യുന്നു. താല്പര്യമുള്ള വിഷയം extemporise ചെയ്യുന്നു. സംഭാഷണങ്ങൾ തയ്യാറാക്കി അവതരിപ്പിക്കുന്നു.

**കാലം** മധ്യമകാലം. ജൂൺ മുതൽ മാർച്ച് വരെ 2018-19

ആഴ്ചയിൽ ഒരിക്കൽ

**5. വായനാശീലം ഉറപ്പ് വരുത്തുന്നു.**

**പ്രവർത്തനങ്ങൾ**

കഥകൾ, കവിതകൾ, ലേഖനങ്ങൾ എന്നിവ ലഭ്യമാക്കി വായിപ്പിക്കുന്നു.അസംബ്ലിയിൽ വാർത്തവായന നടപ്പിലാക്കുന്നു.

കാലം - മധ്യമകാലം(ഹോംവർക്ക്)

**മൂല്യനിർണ്ണയരീതി**

ആസ്വാദനക്കുറിപ്പുകൾ തയ്യാറാക്കി പോർട്ട്ഫോളിയോയിൽ ശേഖരിക്കുക.

**6. സർഗ്ഗാത്മക രചന മെച്ചപ്പെടുത്തുക**

**പ്രവർത്തനങ്ങൾ**

വിഷയം കൊടുത്ത് കഥ,കവിത,ലേഖനം എന്നിവ എഴുതിപ്പിക്കുന്നു. ഉദാ:'motherhood'. ഒരേ പാറ്റേണിലുള്ള വാചകങ്ങൾ ആവർത്തിച്ച് ഉറപ്പിക്കുക (use of 'can').പ്രശസ്തരുടെ പ്രൊഫൈലുകൾ തയ്യാറാക്കുക.

കാലം- മധ്യമകാലം

**മൂല്യനിർണ്ണയരീതി**

രചനകൾ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുക.

**7. ക്രിയാത്മക പഠനം മെച്ചപ്പെടുത്തുക.**

പ്രവർത്തനങ്ങൾ

Tense forms, usage എന്നിവ worksheet കൊടുത്ത് മനസ്സിലാക്കുന്നു parts of speech, reported speech, passive voice എന്നിവ refer ചെയ്യാൻ ആവശ്യപ്പെടുന്നു. sentences തയ്യാറാക്കുന്നു.

കാലം - ദീർഘകാലം ഒരു വർഷം

**8. അനായാസേന ആശയവിനിമയം നടത്തുന്നു.**

**പ്രവർത്തനങ്ങൾ**

എല്ലാവിധ discourseകളും പരിചയപ്പെടുത്തുന്നു (letter formal, informal) diary, character sketch, email, report etc. ഉത്തരങ്ങൾ തയ്യാറാക്കുക. ഇംഗ്ലീഷ് സംസാരിക്കാനുള്ള അവസരം വർദ്ധിപ്പിക്കുക. English day observe ചെയ്യുക ,

കാലം-ദീർഘകാലം

**9. സർഗ്ഗാത്മക പ്രകടനം മെച്ചപ്പെടുത്തുക**

**പ്രവർത്തനങ്ങൾ**

പദ്യം ചൊല്ലൽ, പ്രസംഗം, റോൾ പ്ലേ, skit presentation എന്നിവ നടത്തി അവതരണ ത്തിനുള്ള കഴിവ് മെച്ചപ്പെടുത്തുക

കാലം- ദീർഘകാലം

**10. ഇംഗ്ലീഷ് വായന ശീലം ഉറപ്പു വരുത്തുക**

**പ്രവർത്തനങ്ങൾ**

മലയാള പുസ്തകങ്ങളോടൊപ്പം ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പുസ്തകങ്ങൾ ഉൾപ്പെടുത്തി വായന ഉറപ്പുവരുത്തുക. Beginners ന് magic pot പോലെയുള്ള പുസ്തകങ്ങൾ ലഭ്യമാക്കുക

കാലം-ദീർഘകാലം

**മൂല്യനിർണ്ണയരീതി**

വായിച്ച കഥയിലെ പത്തു വാക്കുകൾ പറയിപ്പിക്കുക കുറിപ്പെഴുതി പോർട്ട് ഫോളി യോയിൽ സൂക്ഷിക്കുക

**ഉപമേഖല ഹിന്ദി**

1. കുട്ടികൾ തെറ്റുകൂടാതെ അക്ഷരങ്ങൾ ചിഹ്നം ചേർത്ത് എഴുതുന്നു. വായിക്കുന്നു.

**പ്രവർത്തനങ്ങൾ**

അക്ഷരമാല ചാർട്ട് കാർഡ് എന്നിവ ഉപയോഗിച്ച് അക്ഷരം,വാക്ക് എന്നിവ ഉറപ്പിക്കുന്നു.

കാലം - ഹ്രസ്വകാലം രണ്ട് മാസം. എല്ലാ ദിവസവും ഒരു മണിക്കൂർ 2019 ജൂൺ, ജൂലൈ

**മൂല്യനിർണ്ണയരീതി**

ആഴ്ചയിൽ അവസാന ദിവസം വായന, കേട്ടെഴുത്ത് എന്നിവ നടത്തി ഉറപ്പ് വരുത്തുന്നു.

**2. കുട്ടികൾ തെറ്റുകൂടാതെ വായിക്കുന്നു. കേട്ടെഴുതുന്നു.**

**പ്രവർത്തനങ്ങൾ**

വാക്യ ചാർട്ട് എഴുതി വാചകങ്ങൾ വായിപ്പിക്കുന്നു.

കാലം - ഹ്രസ്വകാലം ഒരു മാസം 2019 ആഗസ്റ്റ്

**മൂല്യനിർണ്ണയരീതി**

വായിച്ച വാചകങ്ങൾ വൃത്തിയായി എഴുതി പോർട്ട്ഫോളിയോയിൽ വെക്കുക.

**3. വായന പരിപോഷിപ്പിക്കപ്പെടുന്നു.**

**പ്രവർത്തനങ്ങൾ**

ഭാഷ സ്വായത്തമായ വിദ്യാർത്ഥികൾക്ക് കഥകൾ, കവിതകൾ,ലേഖനങ്ങൾ എന്നിവ ലഭ്യമാക്കി വായിപ്പിക്കുന്നു.

കാലം- മധ്യമകാലം(1 വർഷം). ആഴ്ചയിൽ ഒരെണ്ണം 2019 ജൂൺമാർച്ച്

**മൂല്യനിർണ്ണയരീതി**

വായിക്കുന്ന ഭാഗങ്ങളുടെ ആശയാവതരണം പോർട്ട്ഫോളിയോയിൽ ചേർക്കുന്നു

**4. സർഗ്ഗാത്മക രചനകൾ നടത്തുന്നു.**

**പ്രവർത്തനങ്ങൾ**

കുട്ടികൾക്ക് വിഷയം കൊടുത്ത് കഥ,കവിത, ഉപന്യാസം എന്നിവ എഴുതിപ്പിക്കുന്നു.ഓരോ കുട്ടികളും സ്വന്തമായി മാസിക തയ്യാറാക്കുന്നു (കഥ, കവിത, ഉപന്യാസം, ചിത്രം,കാർട്ടൂൺ)

കാലം - ദീർഘകാലം(1 വർഷം) 2018 ജൂൺ, 2019 മാർച്ച്

**5. ഹിന്ദി അക്ഷരമാല ഐ.ടി മേഖല വഴി പരിപോഷിപ്പിക്കുന്നു.**

**പ്രവർത്തനങ്ങൾ**

ഭാഷ സായത്തമായ വിദ്യാർത്ഥികൾക്ക് ചെറിയ കവിതകൾ ടൈപ്പ് ചെയ്യാൻ കൊടുക്കുന്നു.

**കാലം** – ഹ്രസ്വകാലം – 3 മാസം June-August.classroom activity

**മൂല്യനിർണ്ണയരീതി**

മാസത്തിൽ ഒരു പ്രാവശ്യം വാചകങ്ങൾ ടൈപ്പ് ചെയ്ത് ഫയലിൽ സേവ് ചെയ്യുന്നു.

**ഉപമേഖലസോഷ്യൽ സയൻസ്**

**ലക്ഷ്യങ്ങൾ**

1. കുട്ടികൾ ദിനാചരണങ്ങളുടെ പ്രാധാന്യം മനസ്സിലാക്കുന്നു.

**പ്രവർത്തനങ്ങൾ**

പ്രസംഗം, പ്ലക്കാർഡ് നിർമ്മാണം, ബോധവത്കരണ ക്ലാസ്സുകൾ എന്നിവ വഴി ദിനങ്ങളുടെ പ്രാധാന്യം കുട്ടികളെ ബോധ്യപ്പെടുത്തുന്നു.

**കാലം** – ഹ്രസ്വകാലം – 3 മാസം ജൂൺ, ആഗസ്റ്റ്

**മൂല്യനിർണ്ണയരീതി**

മാസത്തിൽ അവസാന ദിവസം ദിനങ്ങൾ ചാർട്ടിൽ എഴുതുന്നു.

2. പ്രധാന ദിനങ്ങൾ, അവയുടെ പ്രാധാന്യം എന്നിവ കുട്ടികൾ മനസ്സിലാക്കുന്നു.

**പ്രവർത്തനങ്ങൾ**

പോസ്റ്റർ നിർമ്മാണം, ക്വിസ്, പ്രസംഗം എന്നിവയിലൂടെ ദിനങ്ങളുടെ പ്രാധാന്യം കുട്ടികളെ ബോധ്യപ്പെടുത്തുന്നു.

**കാലം** – ഹ്രസ്വകാലം3 മാസംസെപ്റ്റംബർ നവംബർ

മൂല്യനിർണ്ണയരീതി

ദിനങ്ങളും അവയുടെ പ്രാധാന്യവും ചാർട്ടിൽ എഴുതുന്നു.

3. **കേരളത്തിലെ ജില്ലകൾ മനസ്സിലാക്കുന്നു.**

പ്രവർത്തനങ്ങൾ

ഭൂപടം, google map എന്നിവയുടെ സഹായത്താൽ വിവരശേഖരണം നടത്തുന്നു.

**കാലം** – മധ്യമകാലം

**മൂല്യനിർണ്ണയരീതി**

കേരളത്തിന്റെ രാഷ്ട്രീയ ഭൂപടം തയ്യാറാക്കുന്നു

**4. കേരളത്തിലെ എല്ലാ ജില്ലകളുടേയും സവിശേഷതകൾ മനസ്സിലാക്കുന്നു**

**പ്രവർത്തനങ്ങൾ**

ഭൂപടം,google map എന്നിവയുടെ സഹായത്താൽ എല്ലാ ജില്ലകളുടേയും സവിശേഷതകൾ കണ്ടെത്തുന്നു

**കാലം –** മധ്യമകാലം

**മൂല്യനിർണ്ണയരീതി**

സവിശേഷതകൾ ചാർട്ടിൽ രേഖപ്പെടുത്തുന്നു.

5. **സ്കൂളിന്റെ ചരിത്രം തയ്യാറാക്കൽ**

**പ്രവർത്തനങ്ങൾ**

കുട്ടികൾ അന്വേഷണം നടത്തി വിവരം ശേഖരിക്കുന്നു.

**കാലം** – ദീർഘകാലം

**മൂല്യനിർണ്ണയരീതി**

ചരിത്രം എഴുതി സൂക്ഷിക്കുന്നു.

6. **പ്രാദേശിക ചരിത്രം തയ്യാറാക്കൽ**

**പ്രവർത്തനങ്ങൾ**

ഇന്റർനെറ്റ് ,ഭൂപടങ്ങൾ എന്നിവയിലൂടെ വിവരങ്ങൾ ശേഖരിക്കുന്നു. പ്രമുഖ വ്യക്തികളുമായി അഭിമുഖം നടത്തി വിവരങ്ങൾ ശേഖരിക്കുന്നു.

**കാലം** -ദീർഘകാലം

**മൂല്യനിർണ്ണയരീതി**

പ്രാദേശിക ചരിത്രം എഴുതി തയ്യാറാക്കുന്നു.

**ഉപമേഖലശാസ്ത്രം**

**ലക്ഷ്യങ്ങൾ**

1. കൗതുകം,ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക

ശാസ്ത്രകഥകൾ,പ്രകൃതിയിലെ അത്ഭുതങ്ങൾ പരിചയപ്പെടുത്തുന്ന സി.ഡി പ്രദർശനം നേരിട്ടുള്ള നിരീക്ഷണത്തിനുള്ള സാഹചര്യം ഒരുക്കൽ, പർച്ച

സമയദൈർഘ്യം– ഒരു മാസം

**വിലയിരുത്തൽ സൂചകം**

പുത്തൻ നിരീക്ഷണങ്ങൾ രേഖപ്പെടുത്തിയ പട്ടിക

2. പ്രകൃതി പ്രതിഭാസങ്ങളുടെ ശാസ്ത്രീയവിശകലനം വഴി അന്ധവിശ്വാസങ്ങളിൽ നിന്നുള്ള മോചനം.

**പ്രക്രിയകൾ**

ഇടിമിന്നൽ, മഴ,സൂര്യാസ്തമയം,കാറ്റ്, സുനാമി, ഭൂകമ്പങ്ങൾ തുടങ്ങിയ പ്രകൃതി പ്രതിഭാസങ്ങൾ രോഗങ്ങൾ ഉണ്ടാകുന്നത്, രോഗനിവാരണം ഇവയെക്കുറിച്ചുള്ള ശാസ്ത്രീയ വിശദീകരണം ICTസാധ്യതകൾ (ഉപയോഗപ്പെടുത്തി) ചർച്ച

**സമയദൈർഘ്യം**

ഒരു മാസം

**വിലയിരുത്തൽ സൂചകം**

ലഘുകുറിപ്പുകൾ സംവാദം(പങ്കാളിത്തം, ശാസ്ത്രീയത)

3.പ്രകൃതിയിലെ പരസ്പരാശ്രയത്വം തിരിച്ചറിയൽ

**പ്രക്രിയകൾ**

കാട്,മണ്ണ്, വായു, വെള്ളം, സസ്യജാലങ്ങൾ, ജന്തുജാലങ്ങൾ എന്നിവ തമ്മിലുള്ള പരസ്പരബന്ധം പരിചയപ്പെടുത്തൽ

**സമയദൈർഘ്യം**

ഒരു മാസം

**വിലയിരുത്തൽ സൂചകം**

പരസ്പരാശ്രയത്വം വ്യക്തമാക്കുന്ന ചിത്രരചന, കഥാരചന, ലഘുകുറുപ്പുകൾ

4. ദൈദംദിന ജീവിതവുമായി ശാസ്ത്രപഠനത്തെ ബന്ധപ്പെടുത്തുക.

**പ്രക്രിയകൾ**

- കവിതകൾ, കഥകൾ, സി.ഡി പ്രദർശനം എന്നിവയിലൂടെ ആഹാരശൃംഖല പരിചയപ്പെടൽ, ജൈവോദ്യാനപാർക്കുകൾ സന്ദർശനം
- നിത്യജീവിതത്തിൽ നിരന്തരം ഇടപ്പെടുന്ന കാര്യങ്ങളെ പാഠഭാഗവുമായി ബന്ധപ്പെടുത്താൻ പ്രേരിപ്പിക്കുന്ന പ്രവർത്തനങ്ങൾ
- കുട്ടികൾക്ക് കൗതുകം തോന്നുന്നതും താത്പര്യമുള്ളതുമായ വസ്തുക്കൾ ക്ലാസ്സിൽ കൊണ്ടുവന്ന് പ്രാർശിപ്പിക്കൽ, തുടർന്നുള്ള അന്വേഷണം. ഉദാ:പരുത്തിക്കുരു കൊണ്ടുവന്നാൽ പരുത്തിച്ചെടിയെക്കുറിച്ചുള്ള അന്വേഷണം.

## മേഖല – ഹൈസ്കൂൾ സാമൂഹ്യ ശാസ്ത്രം

| ക്ര.നം | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | കുട്ടികളിൽ ചരിത്രബോധം ഉണ്ടാക്കുക | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുക | അക്കാദമികവർഷത്തിൽ നിശ്ചയിക്കപ്പെട്ട ദിനം | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകൻ | |
| 2 | ഭൂപടവായന പ്രോത്സാഹിപ്പിക്കുക | ഭൂപടം നിരീക്ഷിച്ച് സ്ഥലങ്ങളുടെ സ്ഥാന നിർണ്ണയം നടത്തൽ ഗ്ലോബ്, അറ്റ്ലസ്, ഭൂപടങ്ങൾ എന്നിവ പരിചയപ്പെടുത്തുക | വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകൻ | |
| 3 | കുട്ടികളിൽ ജനാധിപത്യബോധവും മൂല്യങ്ങളുംവളർത്തൽ | സ്കൂൾ പാർലമെന്റ്, മോക് പാർലമെന്റ് എന്നിവ സംഘടിപ്പിക്കുക | അക്കാദമിക വർഷത്തിൽ നിശ്ചിത തിയ്യതികളിൽ | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകൻ | |
| 4 | നിഗമനങ്ങൾ രൂപീകരിക്കൽ | ചർച്ചകൾ, സെമിനാറുകൾ സംഘടിപ്പിക്കൽ, റിപ്പോർട്ട് തയ്യാറാക്കൽ | വർഷം മുഴുവൻ | | |
| 5 | കുട്ടികളിൽ പരീക്ഷണ നിരീക്ഷണതാല്പര്യങ്ങൾ വളർത്തൽ | സാമൂഹ്യ ശാസ്ത്ര ലാബ് ക്രമീകരിക്കൽ | അക്കാദമിക വർഷം മുഴുവനും | | |

**സമയദൈർഘ്യം**

നിരന്തരം നടക്കേണ്ടത്

**വിലയിരുത്തൽ സൂചകം**

ശേഖരണ വസ്തുക്കളുടെ പ്രദർശനം, തരം തിരിക്കൽ

5. ശാസ്ത്രനേട്ടങ്ങൾ തിരിച്ചറിയൽ

ശാസ്ത്രജ്ഞരെ പരിചയപ്പെടൽ

**പ്രക്രിയകൾ**

- വീട്ടിലും മറ്റിടങ്ങളിലും ഉപയോഗിക്കുന്ന ഉപകരണൾ ലിസ്റ്റ് ചെയ്യുക
- വിവിധ രംഗങ്ങളിലുള്ള ആധുനിക സൗകര്യങ്ങൾ തിരിച്ചറിയൽ
- ഇത്തരം വസ്തുക്കൾക്ക് പിന്നിലുള്ള ശാസ്ത്രജ്ഞരെ കണ്ടെത്തൽ.
  ഉദാ-ടി.വി, വൈദ്യുതി,കമ്പ്യൂട്ടർ(2 മാസം)

**വിലയിരുത്തൽ സൂചകം**

ചുരുങ്ങിയത് പത്ത് ശാസ്ത്രജ്ഞരെ കണ്ടെത്തി നേട്ടങ്ങൾ രേഖപ്പെടുത്തുക.

6. അളവുകൾ പരിചയപ്പെടൽ, അളക്കാനുള്ള ശേഷി നേടൽ.

**പ്രക്രിയകൾ**

സെക്യിൽ, ടാപ്പ് എന്നിവ ഉപയോഗിച്ച് മേശയുടെ നീളം, പുസ്തകങ്ങളുടെ നീളം, ക്ലാസ് മുറികൾ എന്നിവ അളക്കൽ.

വെള്ളം, പാൽ എന്നിവ അളക്കാനുള്ള മാനദണ്ഡങ്ങൾ

പരിപ്പ്, പഞ്ചസാര തുടഹ്ങിയവയുടെ അളവുകൾ

സ്ഥലങ്ങളിലേക്കുള്ള ദൂരം.

നക്ഷത്രങ്ങളിലേക്കുള്ള ദൂരം (2 മാസം)

**വിലയിരുത്തൽ സൂചകം**

അളവുകൾ വ്യത്യാസങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തിയ ചാർട്ടുകൾ

7 പ്രകൃതിയിലെ വസ്തുകളെ നിരീക്ഷിച്ച് ഭൗതികാവസ്ഥകൾ തിരിച്ചറിയൽ (ഭിന്നശേഷിക്കാരെ ഉൾപ്പെടുത്താവുന്നതാണ്.

**പ്രക്രിയകൾ**

വിവിധ വസ്തുക്കൾ ശേഖരിച്ച് തരം തിരിക്കുന്നു.ഒഴുകുന്നവ, പരക്കുന്നവ, നിശ്ചലമായി ഇരിക്കുന്നവ എന്നതിനടിസ്ഥാനമാക്കിയുള്ള വർഗ്ഗീകരണം പട്ടിക പ്പെടുത്തിയ ചാർട്ട്(2 ആഴ്ച )

8. പാഠഭാഗവുമായി ബന്ധപ്പെട്ട് വിവിധ പരീക്ഷണങ്ങളിൽ ഏർപ്പെടൽ പ്രക്രിയകൾ പരീക്ഷണ സാമഗ്രികൾ സംഘടിപ്പിക്കൽ, പരീക്ഷണം ചെയ്യൽ, നിരീക്ഷണം രേഖപ്പെടുത്തൽ (നിരന്തരമായി നടക്കേണ്ടത്)

**വിലയിരുത്തൽ സൂചകം**

പരീക്ഷണത്തിൽ ഏർപ്പെടാനുള്ള ശേഷിയും, നിരീക്ഷണ റിപ്പോർട്ടും, അധ്യാപകനും തുടർന്ന് രക്ഷാകർത്താവും കണ്ട് വിലയിരുത്തണം

- പരീക്ഷണങ്ങൾ രൂപകല്പന ചെയ്യൽ
- പ്രശ്നങ്ങൾക്ക് ഉത്തരം കണ്ടെത്തൽ
- ഉപകരണങ്ങളും,യന്ത്രങ്ങളും ഡിസൈൻ ചെയ്യൽ സയൻസ് ഫിക്ഷൻ രചിക്കൽ
- ഡ്രീമിങ്ങ്
- വസ്തുക്കൾക്ക് സാധാരണമല്ലാത്ത ഉപയോഗങ്ങൾ കണ്ടെത്തൽ
- പാനോപകരണനിർമ്മാണ ശില്പശാല സംഘടിപ്പിക്കൽ
- വാനനിരീക്ഷണം സഹവാസ ക്യാമ്പുകൾ (ഒരു വർഷപ്രവർത്തനം)

9. ആഹാരം, ആരോഗ്യം, ജീവിതശൈലി തുടങ്ങിയവയിൽ വ്യക്തിപരമായി ശാസ്ത്രീയ തീരുമാനമെടുക്കാനുള്ള കഴിവ്, മികച്ച പാരിസ്ഥിതികാവ ബോധം വളർത്തിയെടുക്കൽ

**പ്രക്രിയകൾ**

- പാഠഭാഗവുമായി ബന്ധപ്പെട്ട,സമൂഹവുമായി ബന്ധപ്പെട്ട ആഹാരം,ആരോഗ്യം എന്നിവയെ കുറിച്ചുള്ള അറിവ് നേടാനുള്ള പ്രവർത്തനങ്ങൾ.
- ശുചിത്വബോധം വളർത്തൽ, ഹെൽത്ത് ക്ലബ്, സയൻസ് ക്ലബ് എന്നിവയുടെ സഹകരണത്തോടെ വൃത്തിയായി കൈകഴുകൽ ശീലിപ്പിക്കൽ
- സ്കൂൾപരിസ്ഥിതി ക്ലബ് രൂപീകരണം
- ഹരിതഭരിതംസഹവാസക്യാമ്പുകൾ
- ഓസോൺ ദിനം,പരിസ്ഥിതി ദിനം തുടങ്ങിയ ദിനാചരണങ്ങളിൽ സ്കിറ്റ് തുടങ്ങിയ പുതുമയാർന്ന പ്രവർത്തനങ്ങൾ

**വിലയിരുത്തൽ സൂചകം**

വ്യക്തിപരമായ മാറ്റം ക്ലാസ്സ് റൂമിൽ വരുന്നത് രേഖപ്പെടുത്തൽ ബോധവത്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള മനോഭാവം ക്ലബുകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലെ പങ്കാളിത്തം

10 സ്കൂൾ ലാബറട്ടറിയുടെ കാര്യക്ഷമമായ പ്രവർത്തനം - പാഴ് വസ്തുക്കൾ ഉപയോഗപ്പെടുത്തി സ്വന്തമായി ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടാനുള്ള കഴിവ്

**പ്രക്രിയകൾ**

- ലാബറട്ടറി ഉപകരണങ്ങളുടെ ഉപയോഗം
- രാസവസ്തുക്കൾ അപകടരഹിതമായി കൈകാര്യം ചെയ്യാനുള്ള പരിശീലനം
- പാഴ് വസ്തുക്കൾ ഉപയോഗപ്പെടുത്തി സ്വന്തമായി നിർമ്മിച്ച ക്ലാസ്സ് ലാബറട്ടറി (6 മാസം)

11. ശാസ്ത്രലൈബ്രറി രൂപീകരണം (e - library ഉൾപ്പെടെ)

**പ്രക്രിയകൾ**

ശാസ്ത്രപഠനത്തിൽ പ്രയോജനപ്പെടുത്താൻ ഉതകുന്ന പുസ്തകങ്ങൾ ഉൾപ്പെടുത്തി സ്കൂൾ ലൈബ്രറിയിൽ സയൻസിന് ഒരു പ്രത്യേക ഭാഗം

ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട അധികവായന സാമഗ്രികളും മാസികകളും,വായനാ കുറിപ്പുകളും ഉൾപ്പെടുത്തി ക്ലാസ്സ് സയൻസ് ലൈബ്രറി (6 മാസം)

**വിലയിരുത്തൽ സൂചകം**

വായനാകുറിപ്പുകൾ, ആൽബങ്ങൾ,മാസികകൾ എന്നിവ പൊതുജനങ്ങൾക്കു മുന്നിൽ പ്രദർശനം

ക്ലാസ്സ് മുറികളിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടികൾ നിർമ്മിക്കുന്ന ഉപകരണങ്ങൾ, സെമിനാർ പേപ്പറുകൾ,പ്രോജക്ട് റിപ്പോർട്ടുകൾ തുടങ്ങിയവ അവതരിപ്പിക്കാനുള്ള വേദിയായി സയൻസ് ക്ലബിന്റെ നേതൃത്വത്തിൽ വർഷാവസാനം ഒരു ശാസ്ത്ര പ്രദർശനം നടത്തുന്നു. അതിലൂടെ ശാസ്ത്ര പ്രചാരണ വേദിയായി സയൻസ് ക്ലബ് മാറുന്നു.

ഗണിതം

ആമുഖം- ഗണിതപഠനം മധുരവും ആസ്വാദികരവുമാക്കുന്നതിന് ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ പഠിക്കേണ്ടതുണ്ട്. അവ മനസ്സിൽ ഉറപ്പിക്കണം നിത്യ ജീവിതത്തി ലുണ്ടാകുന്ന ഗണിതപ്രശ്നങ്ങളെ അഭിമുഖീകരിക്കുകയും അവയെ നിർധാരണം ചെയ്യാനുള്ള ഒരു സാമാന്യ ശേഷി ഓരോ കുട്ടിയും നേടണമെന്നുള്ള ഒരു ബൃഹത്തായ ലക്ഷ്യമാണ് ഈ 5 വർഷം കൊണ്ട് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്. സമൂഹത്തിന്റെ താഴേത്തട്ടിലേക്ക് മാറി പോകാവുന്ന ദിന്നശേഷിക്കാരായ വിദ്യാർതിഥികളുടെ കഴിവുകൾ കണ്ടെത്തി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനുള്ള പ്രവർത്തനവും ഇതിനോടൊപ്പം നടത്തേണ്ടതുണ്ട്. പൂർണ്ണമായ ലക്ഷ്യത്തിലെത്തമ്പോൾ അനിവാര്യമായ ഗണിതലാബിന്റെ രൂപീകരണവും ഈ പ്ലാനിന്റെ അന്തിമലക്ഷ്യമാണ്.

## ഗണിതം (എച്ച് എസ്)

| ക്ര.നം | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | തുക | കാലയളവ് |
|---|---|---|---|---|---|
| 1 | ഗണിത ലാബ് (HS) | ഗണിതപഠനം എളുപ്പമാക്കാൻ | ലാബ് നിർമ്മാണം, ഗണിത പുസ്തകങ്ങൾ രൂപങ്ങൾ, ചാർട്ടുകൾ | | ജൂൺ ഒക്ടോബർ |
| 2 | ഗണിതപഠനം | കളികളിലൂടെയുള്ള പഠനം | പിന്നോക്കകാർക്ക് ക്ലാസ്, അനുയോജ്യമായ പ്രവർത്തനങ്ങൾ, ചതുഷ്ക്രിയ ബോധനം ഉയർന്ന രീതിയിൽ ഗണിത പ്രശ്നങ്ങൾ അപഗ്രന്ഥിക്കൽ | | 2 മാസം |
| 3 | പസ്സിലുകൾ | ഗണിതം രസകരമാക്കാൻ | പസ്സിലുകൾ ശേഖരിച്ച് ഗണിത ബോർഡിൽ പ്രദർശിപ്പിക്കുന്നു. | | ജൂൺ/ജനുവരി |
| 4 | വർക്ക്ഷോപ്പ് | ഗണിതം രസകരമാക്കാൻ | ചാർട്ടുകൾ, പാറ്റേണുകൾ എന്നിവയുടെ നിർമ്മാണം, പ്രദർശനം | | ജൂൺ ഒക്ടോബർ |

## അക്കാദമിക്ക് മാസ്റ്റർ പ്ലാൻ 2025–2026 മലയാളം എച്ച് എസ് / യു.പി

| ക്ര.നം | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | തുക | കാലയളവ് |
|---|---|---|---|---|---|
| 1 | സർഗ്ഗം | സർഗാത്മക എഴുത്ത്, വായന, ആസ്വാദനം | കഥാ, കവിത, ശില്പശാല | 1000 | അക്കാദമിക് വർഷത്തിനുള്ളിൽ |
| 2 | കൂട്ടക്ഷരം എഴുത്ത് | അക്ഷരമുറപ്പിക്കൽ, സ്ഫുടമായ വായന പുസ്തകങ്ങൾ | വായനകാർഡുകൾ, ചെറിയ കഥ, കവിത | 500 | ഒരു വർഷം |
| 3 | കവിയോടൊപ്പം | പ്രശസ്ത സാഹിത്യക്കാരനുമായി സംവദിക്കൽ, ഗൃഹസന്ദർശനം അഭിമുഖം നടത്തുന്നു. | തെരഞ്ഞെടുത്ത കുട്ടികൾ സാഹിത്യകാരൻ -സാഹിത്യകാരി യുടെ ഗൃഹം സന്ദർശിക്കുന്നു. | 1500 | സെപ്തംബർ |
| 4 | പ്രകൃതിയെ അറിയാൻ | മനുഷ്യന്റെ നിലനിൽപ്പ് പരിസ്ഥിതിയെ ആശ്രയിച്ചാണെന്ന തിരിച്ചറിവ് ഉണ്ടാവാൻ സംഘടിപ്പിക്കൽ | പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശങ്ങൾ തിരിച്ചരിയുന്നതിന് പഠനയാത്ര | 1000 | ജനുവരി |

## ഇംഗ്ലീഷ് എച്ച് എസ്./ യു.പി.

| പദ്ധതി | ലക്ഷ്യം | പ്രവർത്തനം | തുക | കാലയളവ് |
|---|---|---|---|---|
| ഈസി ഇംഗ്ലീഷ് | ഭാഷാപഠനം പിന്നോക്കാവസ്ഥ മറിക്കടക്കൽ | അടിസ്ഥാന ഭാഷാശേഷി കൈവരിക്കുന്ന പ്രവർത്തനങ്ങൾ (story, poem, cartoon, comic steps, news) | | ജൂൺ ആഗസ്റ്റ് |
| ഇഗ്ലീഷ് അസംബ്ലി | ഭാഷാശേഷി നേടിയെടുക്കൽ | ഓരോ ക്ലാസിനും അവസരത്തിനുള്ള അവസരം നൽകൽ | | 2 വട്ടം |
| മാഗസിൻ പ്രോഡക്ഷൻ | ഭാഷയെ കലയുമായി ബന്ധപ്പെടുത്തൽ | ഓരോ ക്ലാസിനും പാഠഭാഗവുമായി ബന്ധപ്പെടുത്തി ക്ലാസ് മാഗസിൻ തയ്യാറാക്കുക (Profile writing, picture,story, poem,story, comic steps, travlogue, caption writing) | | 1 വട്ടം |
| Langue fete (English Fest) (UP-HS) പ്രോഡക്ഷൻ | സഭാകമ്പമില്ലാതെ ഭാഷ കൈകാര്യം ചെയ്യൽ | വിവിധ പ്രവർത്തനങ്ങൾ (Rejitration, story telling, speech, skit, group song, puzzle) | | 1 വട്ടം |

## ഹിന്ദി യു.പി/എച്ച് എസ്

| ക്ര.നം | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | തുക | കാലയളവ് |
|---|---|---|---|---|---|
| 1 | അക്ഷര പഠനം | രാഷ്ട്ര ഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു (സുരലീ ഹിന്ദി) | കഥ, വായന, കവിത തുടങ്ങിയവയുടെ പ്രവർത്തനത്തിന് അവസരം നൽകുന്നു | | ജൂൺ മുതൽ |
| 2 | ദിനാചരണം | ഭാഷാദിനങ്ങൾ എന്തിന് എങ്ങനെ എന്ന് ബോധ്യപ്പെടുത്തൽ | കഥ, കവിത, ഉപന്യാസം പോസ്റ്റർ എന്നിവ എഴുതൽ | 2500 | വിശേഷപ്പെട്ട ദിനങ്ങൾ |
| 3 | സാഹിത്യ ക്ലബ് | മാതൃഭാഷയെ പോലെ ഹിന്ദിയും നിർഭയംകൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുന്നു. | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധ സാഹിത്യകാരൻമാരുടെ കഥകൾ, നോവലുകൾ, സിനിമകൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു | 1000 | ജൂൺ മുതൽ |

## സംസ്കൃതം യു.പി/എച്ച് എസ്

| ക്ര.നം | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | തുക | കാലയളവ് |
|---|---|---|---|---|---|
| 1 | ശിബിരം (എച്ച്. എസ്) | ഭാഷയുമായി ബന്ധപ്പെട്ട അടിസ്ഥാന ശേഷികൾ, അടിസ്ഥാന വ്യാകരണം എന്നിവ നേടിയെടുക്കൽ, അഭ്യസിക്കൽ | വായനാകാർഡുകൾ, ശിബിര വസ്തുക്കൽ ചാർട്ടുകൾ എന്നിവയിലൂടെ ആവശ്യമായി അടിസ്ഥാന ശേഷികൾ നേടിയെടുക്കുന്ന പ്രവർത്തനങ്ങൾ. | 1000 | 2 ആഴ്ച |
| 2 | ഭാഷാ ലാബ് എഴുത്ത് | കുട്ടികളുടെ ഭാഷാവികാസത്തിനായി ഭാഷ വായിക്കാനും കേൾക്കാനും സൗകര്യമുള്ള ഒരു ഭാഷാ ലാബിലൂടെ പഠനം. | അടച്ചുറപ്പുള്ള ഭാഷാ ലാബ് ഭാഷാ പഠനത്തിന് സഹായകങ്ങളായ പ്രോജക്ടർ, സ്പീക്കർ എന്നീ സൗകര്യങ്ങളോട് കൂടിയുള്ള ഭാഷാ പഠന പ്രവർത്തനങ്ങൾ | 50,000 | തുടർ പ്രവർത്തനങ്ങൾ |
| 3 | ദിനാചരണം | സംസ്കൃതവുമായി ബന്ധപ്പെട്ട ദിനങ്ങൾ, പ്രാധാന്യം എന്നിവ ബോധ്യപ്പെടുത്തൽ | വായനാകാർഡ്, ചാർട്ട്, പോസ്റ്ററുകൾ വിവിധ ഭാഷാ മത്സരങ്ങൾ, വിശിഷ്ഠാതിധികളുമായി സംവാദം, കുട്ടികൾക്കുള്ള സമ്മാന ദാനം എന്നിവ ഉൾപ്പെടുന്ന ദിനാചരണ പ്രവർത്തനങ്ങൾ | 3500 | തുടർ പ്രവർത്തനങ്ങൾ |

# അക്കാഡമിക് മാസ്റ്റർ പ്ലാൻ അറബിക് 2025-26 (UP, H.S)

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| **വായന**<br>കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക, വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി വായനാശീലം വളർത്തുക, നല്ല വായനക്കാരനാവുക | അറബിക് ലൈബ്രറി ശാക്തീകരണം.<br>അറബിക് ലൈബ്രറി വിഭാഗം കാര്യക്ഷമമാക്കുന്നു.<br>പുതിയ അറബിക് പുസ്തകങ്ങൾ ശേഖരിക്കുന്നു.<br>കഥകൾ,കവിതകൾ, ചിത്രകഥകൾ........<br>വായനാ കോർണർ സ്ഥാപിക്കുന്നു. | 6 മാസം<br>ജൂൺ-നവംബർ | സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ | ബി.ആർ.സി ഫണ്ട്<br>പൂർവ്വ വിദ്യാർത്ഥികൾ സ്പോൺസർഷിപ്പ് |
| **എഴുത്ത്**<br>എഴുതാനുള്ള കഴിവ് വികസിപ്പിക്കുക | ക്ലാസ് കയ്യെഴുത്ത് മാഗസിനുകൾ നിർമ്മിക്കുന്നു. ഓരോ ക്ലാസിലും അറബിയിൽ കഥയും കവിതയും മറ്റു വിഭവങ്ങളും ഉൾക്കൊള്ളിച്ച് ക്ലാസ്സ് കയ്യെഴുത്ത് മാഗസിനുകൾ കുട്ടികൾ നിർമ്മിക്കുന്നു. ഏറ്റവും മികച്ച മാഗസിന് സമ്മാനം നൽകും.<br>കയ്യെഴുത്ത് മാഗസിനിലെ മികച്ച ആർട്ടിക്കിളുകൾ ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസിൻ തയ്യാറാക്കും. | സെപ്തംബർ-നവംബർ<br>നവംബർ-ഡിസംബർ | | അധ്യാപകർ<br>പൂർവ്വ വിദ്യാർത്ഥികൾ<br>സ്പോൺസർഷിപ്പ് |
| **അറിവിൻ തിളക്കം**<br>അറബിയിൽ അറിവ് നേടുക | മാസാന്ത ക്വിസ് കാർണിവൽ.<br>ഓരോ മാസവും നിശ്ചിത തിയ്യതിയിൽ ക്വിസിന്റെ ചോദ്യങ്ങൾ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു. കുട്ടികൾ ഉത്തരമെഴുതി സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള പെട്ടിയിൽ നിക്ഷേപിക്കുന്നു,അതിൽ നിന്ന് ശരിയുത്തരം കണ്ടെത്തിയ ഒരാൾക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ എല്ലാ മാസവും | ബോക്സ്, പേപ്പർ | അധ്യാപകർ<br>പൂർവ്വ വിദ്യാർത്ഥികൾ<br>സ്പോൺസർഷിപ്പ് |
| **പ്രതിഭകളെ കണ്ടെത്തൽ** | പ്രതിഭകളെ കണ്ടെത്തുന്നതിന് മത്സരങ്ങൾ നടത്തുന്നു.<br>അറബി സാഹിത്യോത്സവത്തിലെ മത്സരങ്ങളിലൂടെ പ്രതിഭകളെ കണ്ടെത്തുന്നു. | ജൂലായ്-ആഗസ്റ്റ് | [illegible] സൗണ്ട് ബോക്സ്<br>പോസ്റ്ററുകൾ | അധ്യാപകർ<br>അധ്യാപകർ |
| **ദിനാചരണങ്ങൾ**<br>ദിനാചരണത്തെ കുറിച്ചുള്ള അവബോധം ഉണ്ടാകുന്നു. | നല്ല ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. അനുബന്ധ അറബിക് പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു. | നവംബർ | സി.ഡി, കമ്പ്യൂട്ടർ,പ്രൊജക്ടർ | അധ്യാപകർ |
| **ആസ്വാദനം** | ഐ.ടി സാധ്യതകൾ പ്രയോജനപ്പെടുത്തി കഥ, കവിത, അനിമേഷൻ, ഫിലിം പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു. | ജനുവരി | സി.ഡി, കമ്പ്യൂട്ടർ,പ്രൊജക്ടർ | അധ്യാപകർ |
| **അറബിക് ലാംഗ്വേജ് ലാബ്** | തനതായ അറബി ഭാഷ കേൾക്കാനും അനുകരിക്കാനും ഉതകുന്ന വീഡിയോകൾ കാണാനും കേൾക്കാനും സൗകര്യം ഉണ്ടാക്കുക | ഡിസംബർ | സി.ഡി, കമ്പ്യൂട്ടർ, പ്രൊജക്ടർ | ബി.ആർ.സി ഫണ്ട്<br>പൂർവ്വ വിദ്യാർത്ഥികൾ<br>സ്പോൺസർഷിപ്പ് |
| **അറബിക് ഫെസ്റ്റ്**<br>അറബി ഭാഷയെ കുറിച്ച് കൂടുതലറിയാൻ | അറബി ഭാഷയെ കുറിച്ച് കൂടുതലറിയാൻ അറബിക് ഫെസ്റ്റ് സംഘടിപ്പിക്കുന്നു. പോസ്റ്റർ പ്രദർശനം ഫിലിം പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നു. | | | |

## ഫിസിക്സ് – HS, UP അടിസ്ഥാന ശാസ്ത്രം

| ക്ര.നം | പ്രവർത്തനം | ലക്ഷ്യം | തുക | കാലം | നടത്തിപ്പ് |
|---|---|---|---|---|---|
| 1 | ശില്പശാല | ശാസ്ത്ര ഉപകരണങ്ങളുടെ നിർമ്മാണം | 5000 | ഒരു ദിവസം | വിദഗ്ദർ അദ്ധ്യാപകർ |
| 2 | ഫീൽഡ് ട്രിപ്പ് | നേരനുഭവത്തിലൂടെ ശാസ്ത്ര അവബോധം | കുട്ടികളിൽ വളർത്തൽ ചെറിയ തുക | ഒരു ദിവസം നിന്ന് | സയൻസ് ക്ലബ് |

## ബയോളജി – HS, UP അടിസ്ഥാന ശാസ്ത്രം

| ക്ര.നം | പ്രവർത്തനം | ലക്ഷ്യം | തുക | കാലം | നടത്തിപ്പ് |
|---|---|---|---|---|---|
| 1 | നേത്ര പരിശോധന ക്യാമ്പ് | നോത്ര രോഗങ്ങളെ കണ്ടെത്തുന്നതിന് | 2000 | ഒരു ദിവസം | ബയോളജി ക്ലബ് |
| 2 | ശില്പശാല | Budding, Grafting, Layerning മനസ്സിലാക്കുന്നതിന് | 1500 | ഒരു ദിവസം | വിദഗ്ദ അദ്ധ്യാപകർ |

## ഉച്ചഭക്ഷണം

| ക്ര.നം | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | തുക | കാലയളവ് |
|---|---|---|---|---|---|
| 1 | വാത്സല്യം | പോഷക സമൃദ്ധമായ ആഹാരം വിളമ്പൽ | ഒരു വിഭവം പ്രത്യേകമായ നൽകൽ | | 1 വർഷം |
| 2 | പായസ വിതരണം | സ്കൂൾ അന്തരീക്ഷം മെച്ചപ്പെടുത്തൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കൽ | വിവിധ പരിപാടികളുമായി ബന്ധപ്പെട്ട് മധുരം നൽകൽ | | ആവശ്യമായ കാലയളവിൽ |
| 3 | മുട്ട/പാൽ വിതരണം | പോഷകസമൃദ്ധമായ ആഹാരം വിതരണം ചെയ്യൽ | കൃത്യമായ ഇടവേളകളിൽ വിതരണം ചെയ്യുന്നു | | ആഴ്ച്ചയിൽ ഒരിക്കൽ |

## നൂതന ആശയ പ്രവർത്തനങ്ങൾ / തനത് പ്രവർത്തനങ്ങൾ

## കെമിസ്ട്രി

## വിരസതഅകറ്റാം.... വിടവയ്ക്കാം....

രസതന്ത്രപഠനം രസകരമാണെങ്കിലും പലപ്പോഴും വെല്ലുവിളി നേരിടുന്ന പല മേഖലകളും അതിലുണ്ട്. അതിനാൽ തന്നെ കുട്ടികളിൽ പലർക്കും ആശയഗ്രാഹണം വേണ്ട രീതിയിൽ നടക്കാറില്ല. ഇത് പലപ്പോഴും അവരുടെ പരീക്ഷകളും ക്ലാസ് റൂം പ്രവർത്തനങ്ങളിലും പിന്നോക്കാവസ്ഥയിലേക്ക് പോകാനിടയാകാറുണ്ട്. അതിനാൽ തന്നെ കുട്ടികളിലെ വിരസത അകറ്റി പഠന പ്രവർത്തനം രസകരമാക്കാൻ രസ തന്ത്രത്തിലെ നൂതന ആശയങ്ങൾ രസകരമാക്കി അവതരിപ്പിക്കാനുള്ള പ്രവർത്ത നങ്ങൾ ആയൂത്രണം ചെയ്തു. വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പ്രവർത്തനത്തിന് സാമ്പത്തിക സഹായം കൂടി ആവശ്യമാണ്. ലഭ്യമായ സഹായത്തോടെ നടത്തുന്ന പ്രവർത്തനമാണ് വിരസത അകറ്റാം... വിടവടയ്ക്കാം...

# കെമിസ്ട്രി

| ക്ര.നം | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | സാമഗ്രഹികൾ | തുക | കാലയളവ് |
|---|---|---|---|---|---|---|
| 1 | മൂവിങ് പീരിയോഡിക് ടേബിൾ | മൂലകങ്ങൾ, അവയുടെ പ്രതീകങ്ങൾ, മൂലക വർഗ്ഗീകരണം, ഗ്രൂപ്പ്, പിരിയഡ്, തുടങ്ങിയ അടിസ്ഥാന കാര്യങ്ങൾ വ്യക്തമായ ധാരണ ലഭിക്കുന്നതിനും, രസതന്ത്രം രസകരമാകുന്നതിനും | പീരിയോഡിക് ടേബിളിന്റെ ഫ്രെയിം, മൂലകങ്ങളുടെ പ്രതീകങ്ങൾ, അറ്റോമിക് നമ്പർ എന്നിവ രേഖപ്പെടുത്തിയ ബ്ലോക്കുകൾ നിർമ്മിക്കുക.<br>8-ാം ക്ലാസിലെ കുട്ടികൾക്ക് മൂലകങ്ങളുടെ പേരും പ്രതീകവും കണ്ടെത്തി ലിസ്റ്റ് ചെയ്യാൻ പറയുന്നു.<br>9, 10 ക്ലാസിലെ കുട്ടികൾക്ക് ചില ഗ്രൂപ്പിലെ മൂലകബ്ലോക്കുകൾ ഊരിയെടുത്ത് ശരിയായ സ്ഥാനത്ത് തിരിച്ചു വയ്ക്കാൻ ആവശ്യപ്പെടുന്നു. | ഫ്രെയിം നിർമ്മിക്കാൻ അനുയോജ്യമായ മെറ്റീരിയൽ മൂലകങ്ങളുടെ പേര് എഴുതിയ ബ്ലോക്കുകൾ | 1000 | 1 വർഷം |
| 2 | ചേരാം ചേർക്കാം | ഓരോ ക്ലാസിനും പരീക്ഷണമൂല, പരീക്ഷണ നിരീക്ഷണങ്ങളിലൂടെ ശാസ്ത്ര പഠന സമീപനം ഒരു ശീലമാക്കൽ.<br>വിശ്വാസങ്ങളിൽ നിന്ന് ശാസ്ത്ര സത്യങ്ങളിലേക്കുള്ള വളർച്ചയ്ക്ക് വഴിയൊരുക്കൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ ലിസ്റ്റ് ചെയ്ത് രാസവസ്തുക്കൾ ഓരോ ട്രേകളിലായി ക്രമീകരിക്കുക. ചുറ്റുപാചിൽ നിന്നും ലഭ്യമാകുന്നവയും ഉപയോഗിക്കാം. പരീക്ഷണങ്ങൾ ഗ്രൂപ്പുകളിലായി കുട്ടികൾ തന്നെ ചെയ്ത് നിരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നു | ട്രേകൾ, ബോട്ടിലുകൾ, രാസവസ്തുക്കൾ, ടെസ്റ്റ് ട്യൂബുകൾ, ബീക്കറുകൾ സ്പിരിറ്റ് ലാബ് | 1000 | 1 വർഷം |

## അക്കാദമികം
## അധികപഠന പിന്തുണ ക്ലാസുകൾ

വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തികൊണ്ട് ഉയർന്ന വിജയശതമാനം ഉറപ്പാക്കാനും പഠനനിലവാരം ഉയർത്തുന്നതിനുമായി അധികപഠന പിന്തുണാക്ലാസുകൾ നടത്തിവരുന്നു. ജൂൺ മുതൽ ഫെബ്രുവരി വരെ നീണ്ടുനിൽക്കുന്ന മുഴുനീള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. SSLC, USS, NMMS കോച്ചിംഗ് ക്ലാസുകൾ നടത്തുന്നു.

- SSLC വിദ്യാർത്ഥികൾക്ക് (വിജയശ്രീ)
- USS
- NMMS
- പഠന പിന്തുണ ക്ലാസുകൾ
- ചിത്രകലാ ക്യാമ്പ്
- നൃത്തപരിശീലനം
- വാദ്യകലാ പരിശീലനം (ആൺ/പെൺ)
- യോഗ, സുംബ ക്ലാസുകൾ
- കരാട്ടെ, വുഷു തുടങ്ങിയ ആയോധന കലാപരിശീലനം

## അക്കാദമികം - അധിക പഠന പിന്തുണ ക്ലാസ്

| ക്ര.നം | പ്രവർത്തനം | ലക്ഷ്യം | കാലം |
|---|---|---|---|
| 1 | വിജശ്രീ (SSLC) | പാഠഭാഗങ്ങൾ ഡിസംബർ മാസത്തിനുള്ളിൽ പൂർത്തിയാക്കി കുട്ടികൾക്ക് പഠന പിന്തു നൽകി റിസൾട്ട് വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചു. അതിനായി സ്കൂൾ പഠന സമയം 9.40 am to 4 pm കൂടാതെ പത്താം ക്ലാസ് വിദ്യാർത്ഥികൾക്കായി 4.pm to 4.45 pm അധികപഠനത്തിനുള്ള സമയമായി തീരുമാനിച്ചിരിക്കുന്നു. പ്രത്യേക ടൈം ടേബിൾ അതിനായി തയ്യാറാക്കിയിട്ടുണ്ട്.<br>പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക ക്ലാസ്സുകളും നൽകാൻ തീരുമാനിച്ചി ട്ടുണ്ട്. അതിനായി നിലനിർണ്ണയ പരീക്ഷ നടത്തിയിട്ടുണ്ട്. | ജൂൺ - ജനുവരി |
| 2 | NMMS, USS<br>അധിക പിന്തുണ | പ്രത്യേക Module തയ്യാറാക്കി വിജയം വർദ്ധിപ്പിക്കുന്നതിനായി<br>സ്കൂൾ സമയത്തിന് ശേഷം നൽകുന്നു. ആവശ്യമെങ്കിൽ വിദഗ്ദരുടെ സേവനം ഉൾപ്പെടുത്തും.<br>പഠനത്തിൽ പിന്നോകെ നിൽക്കുന്ന കുട്ടികൾക്ക് അധിക പഠന പിന്തുണ നൽകുന്നു.<br>പ്രത്യേക Module തയ്യാറാക്കി അദ്ധ്യാപകർ ക്ലാസുകൾ നടത്തുന്നു. | |

## ഹൈസ്കൂൾ പെരിങ്ങോട്

## അക്കാദമിക മാസ്റ്റർപ്ലാൻ 2025 – 2026

## ആരോഗ്യകായികം

മേഖല - ആരോഗ്യകായിക വിദ്യാഭ്യാസം

ഉദ്ദേശം - കുട്ടികളിൽ ആരോഗ്യകായിക ക്ഷമത കൈവരിക്കുക

അനുയോജ്യമായ കായിക ഇനങ്ങളുടെ നൈപുണികൾ സ്വായത്തമാക്കുക

ഉപമേഖല - 1) കായികമേഖല
2) ആരോഗ്യമേഖല

ആമുഖം : ഒരു വ്യക്തിയുടെ വികസന പ്രക്രിയയിൽ ആരോഗ്യകായിക വിദ്യാഭ്യാസത്തിന് അതുല്യമായ സ്ഥാനമാണുള്ളത്. കുട്ടിയുടെ ശാരീരികവും, മാനസികവും, സാമൂഹികവും വൈകാരികവുമായ വികസനത്തിന് കായികാഭ്യാസവും, യോഗ മുതലായവും ചെയ്യുന്നതിന് പാഠ്യപദ്ധതി അവസരമൊരുക്കുന്നു. കായികക്ഷമതക്കു പുറമെ ആരോഗ്യപ്രശ്നങ്ങൾ ശാരീരിക വളർച്ച, കൗമാര പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച അവബോധവും ആരോഗ്യകായിക വിദ്യാഭ്യാസത്തിന്റെ ഭാഗമാണ്. അതോടൊപ്പം താല്പര്യമുള്ള കായികയിനങ്ങൾ മികവു നേടുന്നതിനുള്ള അവസരവും ലഭ്യമാക്കണം.

കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികളിൽ പഠനമനുസരിച്ച് കുട്ടികളിൽ കായികക്ഷമത അനുദിനം കുറഞ്ഞു വരുകയാണ്. ശരിയായ ആരോഗ്യകായിക അവബോധമില്ലായ്മയാണ് പ്രധാനമായി ചൂണ്ടിക്കാണിക്കുന്നത്. കുട്ടിക്കാലത്തെ പ്രസരിപ്പുള്ള ജീവിതശൈലി, യൗവനത്തിലും, വാർദ്ധക്യത്തിലുമുള്ള ആരോഗ്യത്തിന് ഗുണം ചെയ്യുന്നു. എന്നാൽ ആധുനിക ജീവിത ശൈലി കുട്ടികളേയും മുതിർന്നവരേയും ഒരുപോലെ പ്രവർത്തനമാന്ദ്യമുള്ളവരാക്കുന്നു. ചില സംസ്കാരങ്ങളിൽ വളർന്നവർക്കിടയിൽ നിഷ്ക്രിയത്വവും, അനന്തരഫലമായുള്ള ദുർമേദസ്സും, രോഗങ്ങളും ഒരു പ്രതിസന്ധി ആനുപാതത്തിൽ എത്തിയിരിക്കുന്നു. ലോകത്തുള്ള മറ്റേതു രാജ്യത്തേക്കാളും ജനിതകമായി തന്നെ ഹൃദ്രോഗത്തിന് സാധ്യത ഇന്ത്യക്കാർക്കാണെന്ന് അടുത്ത കാലത്ത് നടന്ന പഠനങ്ങളിൽ നിന്ന് മനസ്സിലാക്കുന്നു. അതുപോലെ പ്രമേഹം എന്ന മഹാമാരിയുടെ ഭീഷണി ഉയരുന്നതും ഇന്ത്യയിലാണ്.

ഐസിഎംആർ നടത്തിയ പഠനത്തിൽ ഇന്ത്യയിൽ 10 കോടിയിലധികം പേർക്ക് പ്രമേഹം ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.

കേരളത്തിലെ കുട്ടികളുടെ ശാരീരിക സ്ഥിതി മുൻതലമുറകളെ അടിസ്ഥാനപ്പെടുത്തി വിശകലനം ചെയ്യുകയാണെങ്കിൽ ഇപ്പോഴത്തെ കുട്ടികൾ ശാരീരിക കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്റെ തോത് വളരെ കുറവാണെന്ന് കാണാം.

ലക്ഷ്യം: കായികക്ഷമത കൈവരിക്കൽ, താല്പര്യമുള്ള മേജർഗെയിമുകളിൽ പ്രാവീണ്യം നേടൽ. ആരോഗ്യമുള്ള തലമുറയെ സൃഷ്ടിക്കൽ.

പ്രവർത്തനം :

യൂപി ക്ലാസുകളിൽ മൈനർഗെയിമുകളിലൂടെ കുട്ടികളെ കായിക പ്രവർത്തന ങ്ങളിലേക്ക് ആകർഷിക്കുക.

യോഗ പരിശീലിപ്പിക്കുകയും സ്വയം പ്രാവർത്തികമാക്കാൻ ഉതകുന്ന വിധത്തിലുള്ളവരാക്കുകയും ചെയ്യുക.

യോഗ പരിശീലിപ്പിക്കുന്നതിനായി യോഗയിൽ പ്രാവീണ്യമുള്ളയാളുടെ സേവനം ലഭ്യമാക്കാൻ പി.ടി.എ യുടെ സഹകരണം ആവശ്യപ്പെടാം .

നീന്തൽ ഒരു നല്ല വ്യായാമമാണെന്നുള്ള കാര്യം കുട്ടികളെ ബോധ്യപ്പെടു ത്തുകയും, രക്ഷിതാക്കളുടെ സഹകരണത്തോടെ മുഴുവൻ വിദ്യാർത്ഥികൾക്കും നീന്തൽ പഠിപ്പിക്കാൻ അവസരമൊരുക്കുക.

പ്രാദേശികമായി ധാരാളമായി കാണുന്ന മേജർ ഗെയിമുകളക്കുറിച്ച് കുട്ടികൾക്ക് കൂടുതൽ അറിവ് നൽകുക. അധികമായി കാണാത്തതോ കുറച്ചു മാത്രം ധാരണ യുള്ളതോ ആയ ഗെയിമുകളെ പരിചയപ്പെടുത്തുക.

ഹൈസ്ക്കൂൾ ക്ലാസുകളിൽ അത്‌ലറ്റിക്സ്, പ്രാദേശികമായി നടക്കുന്ന കളികളായ ഫുട്ബോൾ, വോളിബോൾ, ഷട്ടിൽബാഡ്മിന്റൺ, ക്രിക്കറ്റ്', ചെസ്സ് മുതലായവയിൽ താല്പര്യമുള്ളവരെ കൂടുതൽ പ്രാക്ടിസും കോച്ചിംഗും നൽകി ഭാവി വാഗ്ദാനങ്ങളായി വാർത്തെടുക്കുക. ഇതോടൊപ്പം യോഗ പരിശീലിപ്പിക്കുന്നത് ഇവർക്ക് ഒരു മുതൽക്കൂട്ടാവും. തെരഞ്ഞെടുത്തവർക്ക് വിദഗ്ധകോച്ചിംഗ് നൽകുന്നതി നാവശ്യമായവരുടെ സേവനം ഉറപ്പാക്കുന്നതിന് പി.ടി.എയുടെ സാമ്പത്തിക സഹായം അത്യന്താപേക്ഷിതമാണ്.

**സാമ്പത്തിക അവലോകനം.**

| ക്രമ നം. | ഇനങ്ങൾ | തുക |
|---|---|---|
| 1 | യോഗ പരിശീലിപ്പിക്കാൻ വേണ്ട സജ്ജീകരണങ്ങൾക്കുംപരിശീല കനുള്ള റെമ്യൂണറേഷനും | 20000.00 |
| 2 | ഫുട്ബോൾകോച്ചിംഗിനുള്ള സാധനസാമഗ്രികൾ വാങ്ങുന്നതിനും. കോച്ചിനു റെമ്യൂണറേഷനും | 25000.00 |
| 3 | വോളിബോൾകോച്ചിംഗിനുള്ള സാധനസാമഗ്രികൾ വാങ്ങുന്നതിനും. കോച്ചിനു റെമ്യൂണറേഷനും | 25000.00 |
| 4 | ക്രിക്കറ്റ്കോച്ചിംഗിനുള്ള സാധനസാമഗ്രികൾ വാങ്ങുന്നതിനും, കോച്ചിനും റെമ്യൂണറേഷനും | 25000.00 |
| 5 | ഷട്ടിൽബാഡ്മിന്റൺ പരിശീലിപ്പിക്കുന്നയാൾക്ക് റെമ്യൂണറേഷനും അതിന് വേണ്ട സാധനസാമഗ്രഹികൾ വാങ്ങുന്നതിനും | 25000.00 |
| 6 | ഉപജില്ലാ, ജില്ലാ സംസ്ഥാനമത്സരങ്ങൾക്ക് സെലക്ഷൻ ലഭിച്ചവർക്ക് ടി എ ഡി എ ഇനത്തിൽ നൽകാൻ | 15000.00 |
| 7 | മത്സരത്തിനിടക്കും, പരിശീലനത്തിനിടക്കും പരിക്ക് പറ്റിയാൽ വൈദ്യസഹായത്തിന് | 20000.00 |
| | **ആകെ** | **155000.00** |

**ആരോഗ്യ കായിക വിദ്യാഭ്യാസം നേരിടുന്ന പ്രശ്നങ്ങൾ:**

**അക്കാദമികം:**

1. എല്ലാ കുട്ടികൾക്കുംപാഠ്യപദ്ധതി നിർദേശിക്കുന്ന ശേഷികൾ നേടാൻ കഴിയുന്നില്ല.
2. കായികക്ഷമത പ്രവർത്തനങ്ങൾ ഫലപ്രദമായി ക്ലാസുകളിലും നടപ്പാക്കുന്നതിന് അനുവദിച്ച പിരീഡ് അപര്യാപ്തമാണ്.
3. വൈവിധ്യമാർന്ന കായികപ്രവർത്തനങ്ങൾ പരിശിലിപ്പിക്കുവാൻ വേണ്ടത്ര പരിശീലകരെ നിയമിക്കുന്നില്ല.
4. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം രക്ഷിതാക്കൾ, സമൂഹം, വിദ്യാർത്ഥികൾ എന്നിവർ പൂർണ്ണമായി തിരിച്ചറിഞ്ഞിട്ടില്ല.
5. ആരോഗ്യ കായിക പിരിഡുകൾ ക്രമികരിക്കുന്നതിന് പരിമിതികൾ ഉണ്ട്. വിദ്യാഭ്യാസത്തിന്റെ പിരീഡുകൾ ക്രമീകരിക്കുന്നതിന് പരിമിതികൾ ഉണ്ട്.

**ഭൗതികം:**

1 പാഠ്യപദ്ധതി നിർദ്ദേശിക്കുന്നു പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് ആവശ്യമായ സൗകര്യങ്ങളുടെ കുറവുണ്ട്.
2. മേജർ ഗെയിമുകൾക്കനുയോജ്യമായ കളിസ്ഥലങ്ങളുടെ അഭാവം
3. കായികപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് വസ്ത്രം മാറാനുള്ള സൗകര്യക്കുറവ്.
4. പോഷകാഹാരം നൽകാൻ ഉള്ള സാമ്പത്തികക്കുറവ്.
5. കായിക ഉപകരണങ്ങളുടെ ദൗർബല്യം.

**സാമൂഹികം:**

1. പ്രൈമറി തലത്തിൽ ആരോഗ്യ കായിക വിദ്യാദ്യാസം കുട്ടികളിലേക്ക് എത്തിക്കുന്നതിന് അദ്ധ്യാപകരില്ല.
2. വിദ്യാദ്യാസ ചട്ടത്തിലെ അപാകത മൂലം ബഹുദൂരിപക്ഷം കുട്ടികൾക്കും ആരോഗ്യം കായിക വിദ്യാദ്യാസം വേണ്ടവിധം എത്തിക്കാൻ കഴിയുന്നില്ല.
3. പത്താംതരത്തിൽ പുസ്തകമുണ്ടായിട്ടും പരീക്ഷ നടത്തുന്നില്ല.

ആരോഗ്യകായിക വിദ്യാഭ്യാസം നിർബന്ധിതപാഠ്യ വിഷയമാക്കുകയും പത്താം തരത്തിലെ മാർക്ക് ഷീറ്റിൽ ആരോഗ്യ കായിക വിദ്യാഭ്യാസത്തിന്റെ മാർക്ക് കൂടി ഉൾപ്പെടുത്തുകയും വേണം.

പ്രശ്ന പരിഹാരത്തിന് വിദ്യാഭ്യാസ ചട്ടങ്ങളിൽ മാറ്റം വരുത്തുവാൻ സർക്കാരിനെ ബോധവത്കരിക്കുന്നതിന് ആവശ്യമായ സാമൂഹിക ഇടപെടൽ നടത്തണം.

**മോണിറ്ററിംഗ്:**

പ്രധാനദ്ധ്യാപിക ജനറൽ കൺവീനറും, കായികാദ്ധ്യാപകൻ കൺവീനറും, എസ്.ആർജി കൺവീനർ ജോയന്റ് കൺവീനറും രണ്ട് വീതം അദ്ധ്യാപികാ അദ്ധ്യാപകരേയും ഉൾപ്പെടുത്തി 7 അംഗ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചു

**കമ്മിറ്റി അംഗങ്ങൾ:**

ജനറൽ കൺവീനർ - വി.ശ്രീകല, പ്രധാനദ്ധ്യാപിക
കൺവീനർ - കെ. പി വാസുദേവൻ, കായികാദ്ധ്യാപകൻ
ജോയന്റ് കൺവീനർ - കെ. വി ഉണ്ണികൃഷ്ണൻ, എസ്ആർജി കൺവീനർ
മെമ്പർമാർ: ജയത സി.
അഭിലാഷ് പി.ബി.
പദ്മജ എ.പി.
ആരിഫ് എം

# പരിസര

# ശുചിത്വം

## ICT Integrated Activities :-

വിദ്യാർത്ഥികൾക്ക് ICT പരിജ്ഞാനം നൽകുന്നതിന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ക്ലാസ് മുറികളിൽ Projector, Laptop സംവിധാനങ്ങൾ ഉപയോഗിച്ച് നൂതന ആശയങ്ങൾ അവതരിപ്പിക്കുന്നു. കുട്ടികൾക്ക് പരിശീലനം നൽകുന്നതിന്റെ ഭാഗമായി ITപിരീയഡുകൾ, ലാബ് സൗകര്യം Little Kites എന്നിവ നടത്തിവരുന്നു.

സ്കൂളിലെ Little Kites ന്റെ നേതൃത്വത്തിൽ അക്കാദമിക വർഷത്തിൽ നടത്തുന്ന എല്ലാ പ്രവർത്തനങ്ങളും Document ചെയ്യുന്നു. ക്യാമറ കൈകാര്യം ചെയ്യാനും AI പരിജ്ഞാനം നേടാനും ICT സാധ്യതകൾ ഉപയോഗപ്പെടുത്താനും ഇതിലൂടെ കഴിയുന്നു. ഇതേ വിഭാഗം തന്നെ സ്കൂൾ വിക്കിയിൽ പ്രവർത്തനങ്ങൾ ചെയ്യുന്നു.

ഈ വിഭാഗം അക്കാദമിക് വർഷത്തിൽ ചെയ്യാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

# Little Kites

| ക്ര.നം | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | സാമഗ്രഹികൾ | തുക | കാലയളവ് |
|---|---|---|---|---|---|---|
| 1 | ഷോർട്ട് ഫിലിം നിർമ്മാണം | ലഹരിക്കെതിരെ അവബോധം ഉണ്ടാക്കൽ | സ്റ്റോറി ബോർഡ് തയ്യാറാക്കൽ, സ്ക്രിപ്റ്റ് തയ്യാറാക്കൽ, DSLR Camera ഉപയോഗിച്ച് സീനുകൾ ഷൂട്ട് ചെയയ്ൽ, Kderlive Software ൽ എഡിറ്റിംഗ് | DSLR Camera, Laptop (Accer) Tripod, A4 Sheets, Pendrive മൈക്ക് | 5000 | 1 മാസം |
| 2 | ഡോക്യുമെന്റേഷൻ | IT അധിഷ്ഠിത പഠന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കൽ, പുതിയ Application പരിചയപ്പെടൽ, അക്കാദമിക കലണ്ടർ ജനകീയമാക്കൽ | ദിനാചരണങ്ങളുടേയും അക്കാദമിക പ്രവർത്തനങ്ങളുടേയയും ഡോക്യുമെന്റേഷൻ | DSLR Camera, Laptop (Accer) Tripod,Pendrive മൈക്ക്, ഡ്രോൺ | 3000 | 1 വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനം |
| 3 | ഭിന്നശേഷി കുട്ടികൾക്ക് ഡിജിറ്റൽ സാക്ഷരത | ഇൻക്യൂസീവ് എഡുക്കേഷന്റെ ഭാഗമായി ഭിന്നശേഷി കുട്ടികൾക്ക് കമ്പ്യൂട്ടർ പരിജ്ഞാനം | മലയാളം, ഇംഗ്ലീഷ് ടൈപ്പിംഗ്, ഡിജിറ്റൽ പ്രിന്റിംഗ് | LK Lab & Room | 3 Lakhs | 1 Year |
| 4 | സൈബർ സുരക്ഷ ബോധവത്ക്കരണം | ഗുണദോഷ സമ്മിശ്രമായ സൈബർ ലോകത്തെ കുറിച്ചുള്ള ധാരണ സൃഷ്ടിക്കൽ | LK കുട്ടികൾ ഓരോ ബാച്ചുകളായി രക്ഷിതാക്കൾക്ക് ക്ലാസ് എടുക്കുന്നു. സ്വന്തം സ്കൂളിലും അയൽപക്ക സ്കൂളുകളിലും | Projector Laptop വാഹനം | 35000 | 6 മാസം |

## മേഖല - ശുചിത്വ ക്ലബ്

♦

| ക്ര.നം | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ശുചിത്വരോഗ്യത്തിന്റെ പുതിയ ഒരു സംസ്കാരം കുട്ടികളിൽ വളർത്തിയെടുക്കുക | ശുചിത്വ ക്ലബിലെ അംഗങ്ങളെ തിരഞ്ഞെടുക്കൽ, അവർക്ക് നിർദ്ദേശങ്ങൾ നൽകുക<br>ആഴ്ചയിൽ വെള്ളിയാഴ്ച ദിവസങ്ങളിൽ സ്കൂളും പരിസരവും വൃത്തിയാക്കൽ (ക്ലബ് അംഗങ്ങൾ, ജെ.ആർ.സി., അദ്ധ്യാപകർ)<br>ശുചിത്വത്തിനുള്ള അവശ്യ സാധനങ്ങൾ - ഗ്ലൗസ്, ചൂൽ, കോരി ..... | ആഴ്ചയിൽ | അദ്ധ്യാപകർ | 2000 |
| 2 | ശുചിത്വത്തിന്റെ പ്രാധാന്യം മനസ്സിലാക്കുക | ആരോഗ്യ പരിപാലനത്തിൽ ശുചിത്വത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിന് വേണ്ടി ഡോക്ടർ/ഹെൽത്ത് ഇൻസ്പെക്ടർ മുഖാന്തിരം ബോധവൽക്കരണ ക്ലാസ് നടത്തൽ | 1 ദിവസം | | |
| 3 | ശുചിത്വ ബോധം കൈവരിക്കൽ | കുട്ടികളിൽ വ്യക്തിശുചിത്വ ശീലങ്ങൾ വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി പൊതുവായ ക്ലാസ് തല ശുചിത്വ പരിശോധന നടത്തൽ | | അദ്ധ്യാപകർ | |
| 4 | ശുചിത്വത്തിന്റെ പ്രാധാന്യം മനസ്സിലാക്കൽ | ഏറ്റവും നല്ല രീതിയിൽ ക്ലാസും പരിസരവും വൃത്തിയായി സൂക്ഷിക്കുന്ന ക്ലാസിന് സമ്മാനം (8,9,10 ക്ലാസ് വെവ്വേറെ) | ആഴ്ച്ചയിൽ | അദ്ധ്യാപകർ | |

ഏതൊരു സമൂഹത്തിന്റേയും പുരോഗതിയുടെ മാനദണ്ഡങ്ങളിൽ ഏറ്റവും പ്രധാനം ആ സമൂഹത്തിലെ അംഗങ്ങളുടെ ആരോഗ്യമാണ്. പൊതുജനാരോഗ്യം നിലനിർത്തുവാൻ അവശ്യം വേണ്ട ഘടകങ്ങൾ പോഷകാഹാരം, ശുദ്ധജലം, വൃത്തിയായ പരിസരം, തുടങ്ങിയവയാണ്.

ശുചിത്വബോധം ഒരു ജീവിത കാഴ്ച്ചപ്പാടാക്കി മാറ്റുവാനും ശുചിത്വശീലം ഒരു ജീവിത ശീലമാക്കിമാറ്റുവാനും നമുക്കു കഴിയണ്ടേ? ശരിയായ ശുചിത്വബോധം ചെറുപ്പത്തിലേ ഉളവാക്കുവാൻ നമുക്കു കഴിയണം. എതാണ്ട് എല്ലാ കുട്ടികളും പത്തുവർഷക്കാലം കഴിഞ്ഞു കൂടുന്ന വിദ്യാലയങ്ങളേ ഈ ബോധം ഉളവാക്കാൻ സഹായിക്കുന്ന അനുഭവങ്ങൾ പ്രദാനം ചെയ്യുന്ന കേന്ദ്രങ്ങളായി നമുക്ക് മാറ്റേണ്ടതുണ്ട്.

ഒരു സമൂഹത്തിന്റെ ഭാവി രൂപപ്പെടുത്തുന്നതിൽ അതുല്യമായ പങ്കാണ് വിദ്യാലയങ്ങൾ ക്കുള്ളത്. സമൂഹം ഇന്ന് നേരിടുന്ന പകർച്ചവ്യാധി ഭീഷണി, പരിസരമലിനീകരണം എന്നിവയെ ചെറുക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ വിദ്യാലയത്തിൽ നിന്നുതന്നെ ആരംഭിക്കേണ്ടതാണ്. ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായുള്ള ആദ്യ ചുവടുവെപ്പുകളാണ് ഇവിടെ കൊടുത്തിരി ക്കുന്ന പ്രവർത്തനങ്ങൾ.

**ഹ്രസ്വകാലം, സ്കൂൾ തുറക്കുന്ന ദിവസം മുതൽ**

1. ♦ സ്കൂളും പരിസരവും ഒരു മാതൃകാ ശുചിത്വ യൂണിറ്റായി വളർത്തിയെടുക്കുക.
   - ♦ വൃത്തിയുള്ള ക്ലാസ്മുറി ഒരുക്കുന്ന നല്ല പഠനാന്തരീക്ഷം എല്ലാ കുട്ടികൾക്കും ലഭ്യമാക്കുക.
   - ♦ ഓരോ ക്ലാസിൽ നിന്നും രണ്ടുകുട്ടികളെ വീതം ഉൾപ്പെടുത്തി ശുചിത്വ സേന എന്നഗ്രൂപ്പ് ഉണ്ടാക്കുന്നു.
   - ♦ ക്ലാസ്മുറികളിലെ നിലവിലുള്ള അവസ്ഥാ സൗകര്യങ്ങൾ കണ്ടെത്തുന്നു.
   - ♦ ശുചിത്വപാലനത്തിനാവശ്യമായ സാമഗ്രികളായ കടലാസ്, പ്ലാസ്റ്റിക്ക് എന്നിവ യിടാൻ പ്രത്യേക കുട്ടകൾ, ഡസ്റ്റർ, ചൂൽ, എന്നിവ വീട്ടിൽ നിർമ്മിച്ചവ തന്നെ ഉപയോഗിക്കുന്നു.
   - ♦ ഒരു കുട്ടിയും ഒരു തരത്തിലുള്ള വേസ്റ്റും അലക്ഷ്യമായി വലിച്ചെറിയുന്നില്ല എന്ന് ശുചിത്വസേനാംഗങ്ങൾ ഉറപ്പു വരുത്തുന്നു.
   - ♦ ഓരോ മാസത്തിലേയും ഏറ്റവും വൃത്തിയുള്ള ക്ലാസ് മുറി കണ്ടെത്തുന്നു. അസംബ്ലിയിൽ വെച്ച് ട്രോഫി നൽകുന്നു.

**നിർവ്വഹണചുമതല**

ബന്ധപ്പെട്ട അദ്ധ്യാപകർ, എച്ച്.എം., എസ്. ആർ.ജി. കൺവീനർ, എം.ടി.എ. പി.ടി.എ ശുചിത്വ സേനാംഗങ്ങൾ

**സമയം** ഃ- ഹ്രസ്വകാലം, സ്ക്കൂൾ തുറക്കുന്ന ദിവസം മുതൽ

**സാമ്പത്തികം:** 15000 രൂപ

2. ♦ പരിസരമലിനീകരണത്തിനെതിരായ ചാലകശക്തിയായി നാളത്തെ തലമുറയെ വളർത്തിയെടുക്കുക.
   - ♦ വൃത്തിയുള്ള സ്ക്കൂൾ കോമ്പൗണ്ടും സമീപ പരിസരവും ഓരോ

ക്ലാസിൽ നിന്നും നാല് കുട്ടികളെ വീതം ഉൾപ്പെടുത്തി **മാലിന്യ വേട്ടക്കാർ** എന്ന ഗ്രൂപ്പ് ഉണ്ടാക്കുന്നു.

- ♦ സ്ക്കൂൾ പരിസരത്തും കോമ്പൗണ്ടിനു പുറത്തും മറ്റുമായി ചപ്പു ചവറുകൾ, പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ജൈവമാലിന്യങ്ങൾ എന്നിവ കുന്നുകൂടിയ ഭാഗങ്ങൾ ലീസ്റ്റുചെയ്യും.
- ♦ എല്ലാ ദിവസവും ക്ലാസ് മാലിന്യങ്ങൾ ആറാം പിരിഡ് തുടങ്ങുന്നതിനുള്ള ബെല്ലടിക്കുമ്പോൾ, കോമ്പൗണ്ടിൽ ഒരുക്കിയ വലിയ ബിന്നുകളിൽ ഇനം തിരിച്ച് ശുചിത്വ സേനാംഗങ്ങൾ നിക്ഷേപിക്കുന്നു.
- ♦ എല്ലാ ആഴ്ചയിലും നിശ്ചിതദിവസം മാലിന്യവെട്ടക്കാർ പരിസരം ശുചിയാക്കുന്നു.
- ♦ കമ്പോസ്റ്റുകുഴികൾ ഒരുക്കുന്നു. ജൈവ മാലിന്യങ്ങൾ അവിടെ നിക്ഷേപിക്കുന്നു.
- ♦ അജൈവ മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനായി സൂക്ഷിച്ചുവെക്കുന്നു.
- ♦ മാലിന്യങ്ങൾ സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്നനങ്ങൾ പകർച്ച വ്യാധികൾ എന്നിവയുടെ വീഡിയോ പ്രദർശനം, പോസ്റ്റർരചനാ മത്സരം .
- ♦ ക്ലാസ് ചുവരുകൾ, കോമ്പൗണ്ടുകൾ എന്നിവിടങ്ങളിൽ ശുചിത്വ സന്ദേശങ്ങൾ, മഹാത്മാക്കളുടെ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നു
- ♦ സ്കൂൾ പരിസരത്തുള്ള പെട്ടിക്കടക്കാർക്ക് മാലിന്യ നിർമ്മാർജ്ജന ബോധവൽക്കരണം നടത്തുന്നു.

നിർവ്വഹണം:- മാലിന്യവേട്ടക്കാർ, ബന്ധപ്പെട്ട അദ്ധ്യാപകർ

സാമ്പത്തികം :- ഏകദേശം ഇരുപത്തയ്യായിരത്തോളം രൂപ.

സമയം :- ഹ്രസ്വകാലം

3. ♦ ശുചിത്വമുള്ള ശൗചാലയങ്ങൾ എല്ലാവർക്കും ലഭ്യമാക്കുക.
   - ♦ ശാസ്ത്രീയമായ മാലിന്യ സംസ്ക്കരണം പാഴ്വസ്തുക്കളുടെ ഉപയോഗം എന്നിവയെകുറിച്ചുള്ള അറിവ് കുട്ടികളിലൂടെ കുടുംബത്തിനും അതുവഴി സമൂഹത്തിലേക്കും പകർത്തിയെടുക്കുന്നു.
   - ♦ ഓരോ ക്ലാസിൽ നിന്നും രണ്ട് കുട്ടികളെ വിതം ഉൾപ്പെടുത്തി ശൗചാലയങ്ങൾ ശുചിയോടെ എന്ന ഗ്രൂപ്പുണ്ടാക്കുക.
   - ♦ നിലവിലുള്ള ശുചിമുറികളുടെ അവസ്ഥ കണ്ടെത്തുന്നു.
   - ♦ ഓരോ ശുചി മുറിയിലേക്കും ആവശ്യമായ സാമഗ്രികൾ ബക്കറ്റ്, ബ്രഷ്. സോപ്പ്, കപ്പ്ക്ലീനർ,ബ്ലീച്ചിംഗ് പൗഡർ എന്നിവ ഒരുക്കുന്നു. ജലലഭ്യത ഉറപ്പുവരുത്തുന്നു.
   - ♦ ഗ്രൂപ്പിലെ ഓരോ അംഗത്തിനും വേണ്ട നിർദേശങ്ങൾ നൽകുകയും, അവർ സ്വന്തം ക്ലാസിൽ ബോധവൽക്കരണം നൽകുകയും ചെയ്യുന്നു.
   - ♦ അദ്ധ്യാപകരുടെ നേതൃത്വത്തിൽ രണ്ടാഴ്ച്ചയിലൊരിക്കൽ ശുചിമുറികൾ വൃത്തിയാക്കുന്നു.
   - ♦ ശുചിത്വ സന്ദേശങ്ങൾ എഴുതി പ്രദർശിപ്പിക്കുന്നു.
   - ♦ ആൺകുട്ടികളുടെ മൂത്രപ്പുരയിൽ എല്ലാ ഭാഗത്തും ഇലലഭ്യത, മറ്റു സൗകര്യങ്ങൾ എന്നിവ നടപ്പിലാക്കുന്നു.
   - ♦ യൂറിനറി ഇൻഫെക്ഷൻ - വീഡിയോ പ്രദർശനം.

നിർവ്വഹണം :- ഗ്രൂപ്പംഗങ്ങൾ,ബന്ധപ്പെട്ട അദ്ധ്യാപകർ

സാമ്പത്തികം പതിനായിരം രൂപയോളം പ്രതീക്ഷിക്കുന്നു.

സമയം :- ദിർഘകാലം.

1. ജൈവ അജൈവ മാലിന്യങ്ങളുടെ സംസ്ക്കരണത്തെക്കുറിച്ചുള്ള ശാസ്ത്രീയമായ അറിവ് നേടുന്നു പ്രയോഗിക്കുന്നു.

**പ്രവർത്തനങ്ങൾ**

♦ ബയോഗ്യാസ് പ്ലാന്റിന്റെ പ്രവർത്തനം കുട്ടികൾ കണ്ട് മനസ്സിലാക്കും. ഭക്ഷണശേഷം ബാക്കി വരുന്ന അവശിഷ്ട്ടങ്ങൾ നിർബനീമായും കമ്പോസ്റ്റു കുഴികളിൽ നിക്ഷേപിക്കുന്നു. സ്കൂൾ പരിസരത്ത് രണ്ടു മൂന്നിടങ്ങളിലായി തുമ്പൂർമുഴി മോഡൽ കമ്പോസ്റ്റുകുഴികൾ നിർമ്മിക്കുന്നു. (കടലാസു കത്തിക്കാൻ പ്രത്യേകം)

ബിന്നുകളിൽ നിറയുന്ന കടലാസ് വേസ്റ്റുകൾ കുഴികളിൽ വെച്ച് കത്തിക്കുന്നു. അജൈവ മാലിന്യങ്ങളായ പ്ലാസ്റ്റിക് കവറുകൾ, പേനക്കൂടുകൾ, മിഠായി കടലാസുകൾ എന്നിവ ബിന്നുകളിൽ തന്നെ ശേഖരിച്ചു വെക്കുന്നു. ഇവ ജില്ലാ പഞ്ചായത്തിന്റെ ശുചിത്വ മിഷനുമായി ബന്ധപ്പെട്ട് ഷ്രഡ്ഡിംഗ് യൂണിറ്റിലേക്ക് അയക്കുകയോ, മറ്റുമാർഗങ്ങൾ കണ്ടെത്തുകയോ ചെയ്യുന്നു. ഭാവിയിൽ കടലാസ് മാലിന്യങ്ങൾ കത്തിക്കുന്നതിനായി ഇൻസിനറേറ്റർ സ്ഥാപിക്കുന്നു.

നിർവ്വഹണം :-

ഗ്രൂപ്പംഗങ്ങൾ, ബന്ധപ്പെട്ട അദ്ധ്യാപകർ, പിടിഎ അംഗങ്ങൾ.

സാമ്പത്തികം: ഏകദേശം 35000 രൂപ

സമയം: ഹ്രസ്വകാലം ദീർഘകാലം.

2. ഉപയോഗം കുറച്ചുകൊണ്ട് വരികയും പുനരുപയോഗം, പുനഃചംക്രമണം എന്നിവക്കുള്ള സാധ്യതകൾ കണ്ടെത്തി നടപ്പിൽ വരുത്തുക.

**പ്രവർത്തനങ്ങൾ:**

ബോധവൽക്കരണ ക്ലാസുകൾ നൽകുന്നു.
സമൂഹ ബോധവൽക്കരണം - റാലി സംഘടിപ്പിക്കുന്നു.
പ്ലാസ്റ്റിക്ക് പാഴ് വസ്തുക്കളിൽ നിന്നും വേസ്റ്റ് കടലാസുകളിൽ നിന്നും, കൗതുക വസ്തുക്കളുടെ നിർമ്മാണം -ഡെമോൺസ്ട്രേഷൻ ക്ലാസ്.
താൽപര്യമുള്ളവർക്ക് ഒഴിവു സമയങ്ങളിൽ പ്രത്യേക പരിശീലനം.
ക്രാഫ്റ്റ് ഐഡിയാസ് - വിഡിയോ പ്രദർശനം.
ഇത്തരം കൗതുക വസ്തുക്കളുടെ ക്ലാസ് തല, സ്ക്കൂൾതല മൽസരം പ്രദർശനം.
ഇത്തരം കഴിവുകളെ പരിപോഷിപ്പിച്ച് സാമ്പത്തിക നേട്ടത്തിനു കൂടി വഴിയൊരുക്കുന്നു.

നിർവ്വഹണം: - ക്രാഫ്റ്റ് ടിച്ചേഴ്സ്, പരിശീലനം സിദ്ധിച്ചവർ.
സാമ്പത്തികം: മുവ്വായിരത്തോളം രൂപ
സമയം: സ്ക്കൂൾ തുറന്ന് 1 6 മാസത്തിനുള്ളിൽ

3. പ്ലാസ്റ്റിക്ക് ഉപയോഗത്തിന് ബദൽസംവിധാനം കണ്ടെത്തുകയും, ഉപയോഗിക്കുകയും ചെയ്യുന്നു.

പ്ലാസ്റ്റിക് കവറുകൾ പേനകൾ എന്നിവയുടെ ഉപയോഗം കുറച്ചു കൊണ്ടുവരാനുള്ള ബോധവൽക്കരണം.
മഷി പേനകൾക്ക് കൂടുതൽ പ്രാധാന്യം കൊടുക്കുകയും അവയുടെ ഉപയോഗത്തിലേക്ക് എല്ലാവരും മാറുകയും ചെയ്യുന്നു. പഴകിയതും ഉറപ്പുള്ളതുമായ വസ്ത്രങ്ങൾ, തുണികൾ പേപ്പറുകൾ എന്നിവയിൽനിന്നും സഞ്ചികൾ നിർമ്മിക്കൽ - പരിശീലന ക്ലാസ്
പേപ്പർ പേനകളുടെ നിർമ്മാണ പരിശീലനം. ഉപയോഗം.
കുട്ടികൾ നിർമ്മിച്ച ഉൽപ്പന്നങ്ങളുടെ പ്രദർശനം
നിർവ്വഹണം:-
ബന്ധപ്പെട്ട അദ്ധ്യാപകർ, ക്രാഫ്റ്റ് ടീച്ചർ
ഓരോ വിദ്യാർത്ഥിക്കും ശുദ്ധമായ കുട്ടിവെള്ളം ഉറപ്പുവരുത്തുന്നതോടൊപ്പം ഓരോ തുള്ളി ജലത്തിന്റെ മൂല്യവും തിരിച്ചറിയുന്നു.
1. വൃത്തിയുള്ള ജലശ്രോതസ്സുകൾ
ഓരോ ക്ലാസിൽ നിന്നും 2 കുട്ടികളെ വീതം ഉൾപ്പെടുത്തി തെളിനീർ എന്ന ഗ്രൂപ്പുണ്ടാക്കുന്നു. നിലവിലുള്ള ജലസ്രോതസ്സുകളുടെ അവസഥ കണ്ടെത്തുന്നു. ജലസ്രോതസ്സുകളുടെ ചുറ്റം വൃത്തിയാക്കൽ, മാലിന്യങ്ങൾ വീഴാതിരിക്കാനായി വലയിട്ട് മൂടൽ എന്നിവ ഗ്രൂപ്പുകൾ ഏറ്റെടുക്കുന്നു.
3 മാസത്തിലൊരിക്കൽ ടാങ്ക് വൃത്തിയാക്കുന്നു.
കിണർ മലിനപ്പെടുന്നത് തടയാനുള്ള ബോധവൽക്കരണം.
ശുദ്ധജല ടാപ്പുകൾക്ക് സമീപം ശുചീകരണം.
നിർവ്വഹണം-: തെളിനീർ ഗ്രൂപ്പ് അംഗങ്ങൾ, ബന്ധപ്പെട്ട അദ്ധ്യാപകർ
സാമ്പത്തികം: 2500 രൂപ
സമയം 1 ഹ്രസ്വകാലം ദീർഘകാലം
2. എല്ലാവർക്കും ശുദ്ധജലം, ജലത്തിന്റെ അമൂല്യതയെ കുറിച്ചുള്ള ബോധം.
കുടിവെള്ളത്തിന്റെ ശുദ്ധത പരിശോധിക്കുന്നു.
പരിഹാരമാർഗ്ഗങ്ങളിലൂടെ 100 ശതമാനം ശുദ്ധത ഉറപ്പുവരുത്തുന്നു.
ടാപ്പുകൾ യഥാസമയത്ത് അറ്റകുറ്റപണികൾ ചെയ്ത് ഉപയോഗയോഗ്യമാക്കുന്നു.
വിവേകപൂർണ്ണമായ ജലവിനിയോഗത്തെക്കുറിച്ച് തെളിനീർ ഗ്രൂപ്പ് അംഗങ്ങൾക്ക് ബോധവൽക്കരണം നടത്തുന്നു. അവരിലൂടെ മറ്റുകുട്ടികളിലേക്കും പകരുന്നു. ഇതിനോടു ബന്ധപ്പെട്ട ഉപന്യാസം, പോസ്റ്റർ രചനാ മൽസരങ്ങൾ നടത്തുന്നു.
ടാപ്പുകൾ, കിണറുകൾ എന്നിവക്കു സമീപം ജല ഉപയോഗത്തെക്കുറിച്ചുള്ള പോസ്റ്ററുകൾ പതിക്കുന്നു.
എല്ലാ ക്ലാസുകളിലും സ്റ്റീൽ കുടങ്ങളിൽ കുടിവെള്ളം സംഭരിച്ചു വെക്കുന്നു.
ഭാവിയിൽ ജലശുദ്ധീകരണ യന്ത്രം സ്ഥാപിക്കുന്നു.
നിർവ്വഹണം :- തെളിനീർ ഗ്രൂപ്പ് അംഗങ്ങൾ, മറ്റ് അദ്ധ്യാപകർ
സാമ്പത്തികം :- 25000 രൂപ
3. മഴ വെള്ള സംരഭത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നു.
**പ്രവർത്തനങ്ങൾ**
മഴക്കുഴികൾ നിർമ്മിക്കുന്നു
മഴവെള്ള സംഭരണ മാർഗ്ഗങ്ങൾ, വിഡിയോ പ്രദർശനം
ക്ലാസ് തല ബോധവൽക്കരണം
കിണർ റീച്ചാർജ്ജിംഗ് ഉറപ്പുവരുത്താനുള്ള സംവിധാനങ്ങൾ സജ്ജികരിക്കുന്നു.

മഴവെള്ളസംഭരിണി നിർമ്മാണം.
നിർവ്വഹണം: വിവിധ ക്ലബ് അംഗങ്ങൾ, ജെ.ആർ.സി. അദ്ധ്യാപകർ.
സമയം: ദീർഘകാലം.
പോഷകാഹാരവു ജൈവ കൃഷി രീതിയും
നിലവിലെ അവസ്ഥ

യു പി വിഭാഗത്തിൽ മുൻ വർഷങ്ങളിൽ സംരക്ഷിച്ചു പോരുന്ന മരങ്ങളും ചെടികളും നിലവിലുണ്ട്. ഹൈസ്കൂൾ വിഭാഗത്തിൽ സ്മാർട്ട് ക്ലാസ് റൂമുകൾക്കും, മറ്റ് ക്ലാസ് റൂമുകൾക്ക് പുറകിലും വെച്ച വാഴകളും ഉണ്ട്. കാർഷിക മേഖലയിൽ നാടും സ്ക്കൂളുകളും വളരെ താൽപ്പര്യത്തോടു കൂടി പ്രവർത്തിക്കുമ്പോൾ പരിമിതികൾ മറന്ന് നമ്മളും പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

പ്രധാന ലക്ഷ്യം

കൃഷിയോടുള്ള താൽപര്യം കുട്ടികളിലും അവരിലൂടെ സമൂഹത്തിലും വ്യാപിപ്പിക്കൽ

**ഉപലക്ഷ്യങ്ങൾ**

ജൈവകൃഷിയുടെ ആവശ്യകത
സ്ക്കൂളിലെ എല്ലാ കുട്ടികളിലും കൃഷിയോടുള്ള താൽപര്യം ജനിപ്പിക്കുക
നാടൻ കൃഷി രീതികളെ സംരക്ഷിക്കുക
ജൈവവളത്തിന്റെ നിർമ്മാണവും, ഉപയോഗവും മനസിലാക്കുക
പ്രകൃതിയോടുള്ള സ്നേഹം സമൂഹത്തിൽ വളർത്തുക

**അക്കാദമിക ലക്ഷ്യം**

പരമ്പരാഗത കൃഷി രീതികളെ കുറിച്ചുള്ള അറിവുനേടൽ
പുതിയ ജൈവ കൃഷിയെക്കുറിച്ചുള്ള അറിവ്
പാരമ്പര്യ കൃഷിരീതികൾ
കാർഷികമേഖലകളിൽ കേരളത്തിന്റെ പങ്ക്

**പ്രായോഗിക തലം**

വീട്ടിലും, സ്ക്കൂളിലും ജൈവ കൃഷി രീതികൾ ഉപയോഗപ്പെടുത്തി പച്ചക്കറികൾ ഉണ്ടാക്കുക, ജൈവ കൃഷിരീതികളെ കുറിച്ച് സെമിനാർ സംഘടിപ്പിച്ച് ആവശ്യമായ അറിവ് നൽകൂ. കുട്ടികളുടെ വീടുകളിലെല്ലാം അടുക്കളത്തോട്ടം ഉണ്ടാക്കാനുള്ള വിത്തുകൾ നൽകുക.

**ദീർഘകാല പദ്ധതികൾ**

കേരളത്തിന്റെ ആത്മാവാണ് കേരവൃക്ഷം അനുയോജ്യമായ സ്ഥലം കണ്ടെത്തി ഒന്നോ രണ്ടോ തൈകൾ വെക്കണം.

നാട്ടുമാവിൻ തൈകൾ 30 ഓളം എണ്ണം കളിസ്ഥലത്തിനു ചുറ്റം യു പി യിലും, നിലവിൽ സംരക്ഷിച്ചു പോരുന്നുണ്ട്. നശിച്ചു പോയവക്ക് പകരം പുതിയ തൈകൾ വച്ചു പിടിപ്പിക്കുകയും വേണം. നാൽക്കാലികൾ നശിപ്പിക്കാതിരിക്കാൻ കൂടുകൾ അത്യാവശ്യമാണ്.

പാടം പാട്ടത്തിനു നൽകാൻ താച്ചര്യമുള്ള വ്യക്തികളിൽ നിന്ന് എടുത്ത് അദ്ധ്യാപകർ, വിദ്ധ്യാർത്ഥികൾ, പി.ടി.എ., എസ്.എസ്.ജി. താൽപര്യമുള്ളവർ എന്നിവരെ ഉൾപ്പെടുത്തി നെൽകൃഷി വിജയകരമായി സംഘടിപ്പിക്കാം.

**ജൈവപ്ലാന്റ്**

സ്ക്കൂളിൽ അനുയോജ്യമായ സ്ഥലത്ത് മാലിന്യ സംസ്ക്കരണ പ്ലാന്റ് നിർമ്മിക്കുകയും അത് ജൈവ കൃഷിക്ക് ഉപയോഗപ്പെടുത്തുകയും ചെയ്യാം

**മൂല്യ നിർണ്ണയ ചുമതല**

അക്കാദമിക്ക് മാസ്റ്റർപ്ലാൻ അഞ്ചു ഘട്ടങ്ങളിലായാണ് നടപ്പിലാക്കുന്നത്. ഓരോ ഘട്ടത്തേയും രണ്ട് ടേംസായി തിരിക്കുന്നു. DDE, DEO, DIET, AEO, BPO, എന്നിവരുടെ പ്രതിനിധികൾ, എച്ച്.എം, എസ്.ആർ.ജി. പി.ടി.എ, എസ്.എസ്.ജി അംഗങ്ങൾ എന്നിവരെ ചുമതലപ്പെടുത്തുന്നു.

## അക്കാദമിക മാസ്റ്റർ പ്ലാൻ – തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം (WIE) UP -HS 2025 -26

| ക്ര.നം | ഉദ്ദേശം | പ്രവർത്തനം | കാലയളവ് | ഭൗതികം | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|---|
| 1 | കൃഷി മുഴുവൻ കുട്ടികളെയും പഠന അനുഭവങ്ങളുടം ഭാഗമാക്കൽ | വിവിധയിനം പുഷ്പ കൃഷി രീതി കൾ പരിചയപ്പെടുത്തൽ വിവിധതരം പുഷ്പാലങ്കാര രീതി ബൊക്ക നിർമ്മാണം | ജൂൺ ജൂലായ് ആഗ്സറ്റ് | നിർമ്മാണത്തിന് ആവശ്യമായ സാമഗ്രഹികൾ | 2000 | HM WIE PTA |
| 2 | പാഴ്വസ്തു പരിപാലനം പൈതൃകമാലിന്യത്തിന്റെ പരിപാലനത്തിനുള്ള നവീന രീതികളെ കുറിച്ച് ധാരണ നേടുന്നു. | പൈതൃകമാലിന്യ രൂപീകരണത്തി നെതിരെയുള്ള സാമൂഹ്യ പ്രവർത്ത നങ്ങളിൽ കുട്ടികളെ പങ്കാളികളാ ക്കുക | ജൂൺ മുതൽ മാർച്ച് | നിർമ്മാണത്തിന് ആവശ്യമായ സാമഗ്രഹികൾ | 2000 | HM WIE PTA MTA |
| 3 | ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് | LED നിർമ്മാണം | ഒക്ടോബർ | നിർമ്മാണത്തിന ആവശ്യമായ സാമഗ്രഹികൾ | 3000 | HM WIE PTA Expert |
| 4 | പ്രിന്റിംഗ് & സ്റ്റേഷനറി പുസ്തക നിർമ്മാണം | വിവിധ തരത്തിലുള്ള പുസ്തക നിർമ്മാണം. ഓഫീസ് ഫയൽ | ആഗസ്റ്റ് മുതൽ നവംബർ നിർമ്മാണം. | നിർമ്മാണത്തിന ആവശ്യമായ സാമഗ്രഹികൾ | 2000 | HM WIE PTA |

## കലാസാഹിത്യം

AMP- Academic master Plan
Year - 2025 -26
Art Education -UP
Specialist Teacher - UP
HS Peringode
Thirthala Sub District, Palakkad

### Fist Term

**ജൂൺ – 2 പ്രവേശനോത്സവം**

പ്രവേശനോത്സവം പരിപാടികൾ സമുചിതമായി ആഘോഷിക്കുവാൻ തീരുമാനിച്ചു. കുട്ടികളുടെ വിവിധ കലാപരിപാടികൾ, മധുര വിതരണം എന്നിവ നടത്തുവാൻ തീരുമാനിച്ചു. നിലവിലുള്ള കുട്ടികൾക്ക് പുറമെ പുതിയതായി ചേരുന്ന കുട്ടികളിലെ കലാഭിരുചി കണ്ടെത്തുവനായ് Skill Test നടത്തുവാൻ തീരുമാനിച്ചു.

**ജൂൺ – 21 ലോക സംഗീത ദിനം**

കുട്ടികളുടെ കലാ പരിപാടികളോടെ ആഘോഷിക്കുവാൻ തീരുമാനിച്ചു.

**ജൂലായ്**

കുട്ടികളിലെ സംഗീതാഭിരുചി കണ്ടെത്തുകയും അതിനെ വളർത്തികൊണ്ടു വരുന്നതിന്റെ ഭാഗമായി കുട്ടികൾക്ക് ചെറിയ ചെറിയ രീതിയിലുള്ള പരിശീലനം കൊടുക്കാൻ തീരുമാനിച്ചു. ലോക ചിത്രകലാ ദിനമായ ഏപ്രിൽ 15ന്റെ പ്രസക്തിയും, ആർട്സ് ക്ലബ് പ്രവർത്തനത്തിലൂടെ കുട്ടികളിൽ ചത്തിക്കുവാൻ തീരുമാനിച്ചു.

**ആഗസ്റ്റ്**

ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം

സ്വാതന്ത്ര്യദിന പരിപാടികൾ ആഘോഷിക്കുവാൻ തീരുമാനിച്ചു. കലാപരി പാടികൾ, മധുരവിതരണം, ദേശഭക്തിഗാനാലാപനം തുടങ്ങിയവ നടത്തുവാൻ തീരുമാനിച്ചു. സ്വാതന്ത്ര്യസമര സേനാനികളുടെ ചിത്രം വരച്ച് പ്രദർശിക്കുവാൻ തീരുമാനിച്ചു.

### Second Term

**സെപ്തംബർ**

ഓണാഘോഷത്തോടനുബന്ധിച്ച് ഓണപ്പാട്ടുകൾ പഠിപ്പിക്കുന്നതിന് പുറമെ കുട്ടികളുടെ കലാപ്രകടനങ്ങളും നടത്തുവാൻ തീരുമാനിച്ചു.

**ഒക്ടോബർ**

ഒക്ടോബർ 2 ഗാന്ധി ജയന്തി

സ്കൂളിലെ വിവിധ ക്ലബുകളുടെയും ജൂനിയർ റെഡ്ക്രോഡിന്റെയും നേതൃത്വത്തിൽ പരിപാടികൾ ആയൂത്രണം ചെയ്യുവാൻ തീരുമാനിച്ചു. ഒക്ടോബർ 13 നാഷണൽ ഫിലിം ഡേ ആണെന്നുള്ള അറിവ് കുട്ടികൾക്ക് നൽകുന്നു.

**നവംബർ**

ശിശുദിനത്തോട് അനുബന്ധിച്ച് പരിപാടികൾ ആസൂത്രണം ചെയ്യുവാൻ തീരുമാനിച്ചു.

**ഡിസംബർ**

ക്രിസ്മസ് ദിനത്തോടനുബന്ധിച്ച് ക്രിസ്മസ് പരിപാടികൾ നടത്താൻ തീരുമാനിച്ചു.

## Third Term

**ജനുവരി**

ജനുവരി 26 റുപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് കുട്ടികളുടെ വിവിധ പരിപാടികൾ നടത്തുവാൻ തീരുമാനിച്ചു.

**ഫെബ്രുവരി**

ഏപ്രിൽ 29 ലോക നൃത്തദിനത്തിന്റെ പ്രാധാന്യം കുട്ടികളിലേക്ക് എത്തിക്കുന്നു. കുട്ടികളുടെ നൃത്തപരിപാടികൾ സംഘടിപ്പിക്കുന്നു.

**മാർച്ച്**

ലോകനാടക ദിനത്തോടേ (മാർച്ച് 27 ) അനുബന്ധിച്ച് കുട്ടികൾ തന്നെ സ്വയം രചിച്ച നാടകാവതരണം നടത്തുവാൻ തീരുമാനിച്ചു.

**മുഖവുര:**

സമ്പന്നമായ കലാ പാരമ്പര്യത്തിന്റെ പിൻപറ്റി മിഴിവാർന്ന് ശോഭിക്കുന്ന വർത്തമാന കാലവസ്ഥയിലാണ് കലാ വിഭാഗത്തിന്റെ സ്കൂൾ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. നൃത്തവാദ്യ മേഖലയിൽ ഉപജില്ലയിൽ സമാനതകളില്ലാത്ത വിദ്യാലയമാണ് പെരിങ്ങോട്. വരേണ്യ വർഗ്ഗത്തിന്റെ പിടിയിൽ നിന്നും പഞ്ചവാദ്യകലയെ സാധാരണ ജനങ്ങൾക്ക് പ്രാപ്യമാക്കിയ നാലുപതിറ്റണ്ടുകൾ അഭിമാനത്തോടെയല്ലാതെ ഓർക്കാനാവില്ല. സംസ്ഥാന തലം വരെ കലാരംഗത്ത് നമ്മുടെ സാന്നിദ്ധ്യം സ്ഥിരമാണ്. ഇപ്രകാരമൊക്കെയാണെങ്കിലും വളരേണ്ടതുണ്ട്. അതിനനുഗുണമായ രീതിയിലാണ് ഈ മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുള്ളത്

**പ്രവർത്തനപദ്ധതികളും, ഉദ്യേശലക്ഷ്യങ്ങളും:**

**രചനാമൂല**

- ♦ മികച്ച രചനാ മാതൃകകൾ പരിചയപ്പെടൽ
- ♦ സർഗ്ഗപ്രകടനം
- ♦ വിലയിരുത്തൽ ചർച്ചകൾ
- ♦ ആസ്വാദനം
- ♦ ശിൽപശാലകൾ

രചനാമേഖലയിൽ കുട്ടികളുടെ താൽപര്യം വളർത്തുകയും, മികവ് പുലർത്തുകയും ചെയ്യാൻ മൂന്ന് ഘട്ടങ്ങളിലായി ഒഴിവുദിനങ്ങളും, ഉച്ചഭക്ഷണ ഇടവേളയും ഉപയോഗിച്ച് നടത്തും.സാഹിത്യ തൽപരായ പൂർവ്വ വിദ്യാർതിഥികൾ വിരമിച്ച അദ്ധ്യാപകർ എന്നിവരെ ഉപയോഗപ്പെടുത്തി അഞ്ചുവർഷം കൊണ്ട് മികച്ച എഴുത്തുകാരെ സൃഷ്ടിക്കുക എന്നതാണ് ലക്ഷ്യം. ആദ്യ രണ്ടുമാസം പ്രവർത്തന ങ്ങളുടെ കളമൊരുക്കം നടക്കും. പിന്നിടുള്ള ഒരുവർഷം പ്രായോഗിക ഘട്ടത്തിന്റെ ആദ്യപടി. അടുത്ത നാലുവർഷങ്ങളിലായി പദ്ധതി പൂർണതയിലെത്തിച്ചേരും..

**പ്രഭാഷണ മൂല ഃ –**

- പ്രമുഖരുമായി അഭിമുഖങ്ങൾ
- വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ പ്രദാഷണങ്ങൾ
- ശിൽപശാല
- അവതരണം

പ്രഭാഷണ കലയിൽ മികവു നേടുന്നതിനും വ്യക്തിത്വവികാസത്തിനും ഈ പദ്ധതി സഹായകമാകും.

**പാട്ടുമൂല ഃ –**

- സംഗീതക്കളരി
- മികച്ച ഗാനങ്ങളുടെ ആസ്വാദനം
- ആലാപനം, അവതരണം

പ്രാദേശിക ഗായകരേയും സംഗീതാദ്ധ്യാപകരേയും ഉപയോഗപ്പെടുത്തി കലാപിരീഡുക ളിലും, ഒഴിവു ദിവസങ്ങളിലും പ്രവർത്തനം സജ്ജമാക്കും.

**ചൊൽമൂലഃ –**

- കാവ്യാലാപന കളരി
- മികച്ച മാതൃകകൾ പരിചയപ്പെടൽ
- അവതരണങ്ങൾ

കവിതയുടെ ഭാവം ഈണം എന്നിവ കണ്ടെത്തി ആസ്വദിക്കുന്ന ഒരു തലമുറയെ സൃഷ്ടിക്കൽ.

**ചിത്രമൂല ഃ –**

- ലോകോത്തര രചനകൾ പരിചയപ്പെടൽ
- ശിൽപശാലകൾ
- വ്യക്തിഗത പ്രകടനങ്ങൾ, പ്രദർശനങ്ങൾ

അവധിക്കാല ക്യാമ്പുകളിലും, പഠനയാത്രകളോടനുബന്ധിച്ചും ഒഴിവു ദിവസങ്ങളിലും പ്രവർത്തനങ്ങൾ നടത്തും.

**മറ്റു പ്രവർത്തനങ്ങൾ:**

സ്ഥിരമായുള്ള ഉപകരണ സംഗീത ക്ലാസുകൾക്കായി സ്ക്കൂളിൽ ഒരിടം കണ്ടെത്തും. സ്വന്തമായി ഉപകരണങ്ങൾ വാങ്ങുകയും അദ്ധ്യാപകരുടേയും പ്രാദേശിക കലാകാരൻ മാരുടേയും സേവനം സ്വീകരിച്ച് പ്രവർത്തനങ്ങൾ സജ്ജീകരിക്കും.

സ്കൂളിലെ ഓരോ കുട്ടിക്കും കയ്യിലൊരു പുസ്തകം വെക്കാൻ കഴിയുമാറ് ലൈബ്രറി വികസനം സാധ്യമാക്കും. പ്രാദേശിക സംഘാടനത്തിലൂടെ പുസ്തകങ്ങൾ കണ്ടെത്തുകയും പഴക്കം വന്ന പുസ്തകങ്ങൾ വായനാ യോഗ്യമാക്കുകയും ചെയ്യും. പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിക്കുമാറ് ലൈബ്രറി നവീകരിക്കും

പുതിയ പാഠ്യപദ്ധതിയിൽ കലാ പ്രവർത്തനങ്ങൾക്ക് നീക്കിവെച്ച പിരീഡുകൾ ഒരേ സമയത്ത്' ഒരുക്കി ക്ലാസ്തല സാഹിത്യസമാജങ്ങൾ സംഘടിപ്പിക്കും. ക്ലാസ്തലത്തിലെ മികച്ച പരിപാടികൾ മാസത്തിലൊരിക്കൽ ഓഡിറ്റോറിയത്തിൽ അവതരിപ്പിക്കും. പ്രാദേശിക കലാകാരൻമാർ, അദ്ധ്യാപകർ എന്നിവരുടെ പ്രകടനങ്ങൾക്കും അവസരം നൽകും.

**ലക്ഷ്യം: പെരിങ്ങോട് സ്ക്കൂളെന്ന കലാ വിദ്യാലയം**

വിദ്യാലയത്തിന്റെ യശസ്സ് ഉയർത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്ന പഞ്ചവാദ്യ സംഘത്തിന്റെ മാതൃകയിൽ പ്രവർത്തന മൂലകൾ സജ്ജീകരിക്കും. കുട്ടികളുടെ സംഘാടനം, പ്രവർത്തനങ്ങളുടെ മുഖ്യ സവിശേഷതയായിരിക്കും. അവധി ദിനങ്ങളിലും, മധ്യവേനലവധി ക്കാലത്തുമെല്ലാം വിവിധ കലകൾ സ്വായത്തമാക്കുന്ന വിദ്യാർത്ഥികളെക്കൊണ്ട് ഈ വിദ്യാലയത്തെ മികച്ച ഒരു കലാവിദ്യാലയമാക്കി മാറ്റുക പദ്ധതിയാണ് കലാവിഭാഗം മുന്നോട്ടു വെക്കുന്നത്. എന്ന

**സാമ്പത്തികം:**

അഞ്ച് വർഷം കൊണ്ട് വിദ്യാലയത്തിന്റെ സാഹിത്യ മേഖലയിലെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തേണ്ടതുണ്ട്. ഡിപ്പാർട്ട്മെന്റിന്റേയോ, മാനേജ്മെന്റിന്റേയോ സഹായം മാത്രം കണക്കാക്കാതെ പൂർവ്വ വിദ്യാർത്ഥി സംഘടനകൾ, മറ്റു താൽപര്യമുള്ള വ്യക്തികൾ എന്നിവരുടെ സഹായം ഉറപ്പുവരുത്തും. പ്രതിവർഷം മേൽപറഞ്ഞ പ്രവർത്തനങ്ങൾക്കായി മൂന്ന് ലക്ഷം രൂപ കണ്ടെത്തേണ്ടതുണ്ട്. ഇതിനായി ഒരു സ്ഥിരം സമിതി രൂപീകരിക്കും

# ഗൃഹസന്ദർശനം
## വീടറിഞ്ഞ് മനസ്സറിഞ്ഞ്

## വീടറിഞ്ഞ് മനസ്സറിഞ്ഞ്

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം വിദ്യാഭ്യാസ ജില്ലയിൽ ഉൾപ്പെടുന്ന മികച്ച ഒരു വിദ്യാലയമാണ് പെരിങ്ങോട് ഹയർസെക്കണ്ടറി സ്കൂൾ. തൃത്താല ഉപജില്ലയിൽപെട്ട ഈ വിദ്യാലയം നാഗലശ്ശേരി ഗ്രാമപഞ്ചായത്തിലെ ഏക ഹയർ സെക്കണ്ടറി സ്കൂൾ കൂടിയാണ്. മികച്ച അക്കാഡമിക് അന്തരീക്ഷം കൊണ്ടും വിദ്യാലയ വികസന പ്രവർത്തനങ്ങൾ കൊണ്ടും കലാകായിക രംഗങ്ങളിലെ മികവുകൊണ്ടും പെരിങ്ങോട് ഹയർ സെക്കണ്ടറി സ്കൂൾ ഏറെ ശ്രദ്ധേയമാണ്. പൂമുള്ളി മനയുടെ മാനേജ്മെന്റിന് കീഴിലാണ് വിദ്യാലയം പ്രവർത്തിക്കുന്നത്.

രണ്ട് ജില്ലകളിലും 5 പഞ്ചായത്തുകളിലുമായി വ്യാപിച്ചു കിടക്കുന്ന പെരിങ്ങോട് ഹൈസ്കൂളിലെ പഠിതാക്കളായ 1700 കുട്ടികളുടെ വീട് സന്ദർശിക്കുകയും കുട്ടികളുടേയും അവരുടെ രക്ഷിതാക്കളുടേയും ജീവിത സാഹചര്യം, സാംസ്കാരികാവസ്ഥ എന്നിവ തിരിച്ചറി ഞ്ഞ് മികവിന്റെ കേന്ദ്രമാക്കി വിദ്യാലയത്തെ പരിവർത്തിക്കാനുള്ള പ്രവർത്തനത്തിന്റെ ഭാഗമായാണ് വീടറിഞ്ഞ് മനസ്സറിഞ്ഞ് എന്ന പദ്ധതി. പഠിതാക്കളുടേയും രക്ഷിതാക്കളുടേയും നാട്ടുകാരുടേയും മനസ്സറിഞ്ഞ് പഠന-പഠനാനുബന്ധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്ന ഒരു ബൃഹത്തായ ഉദ്യമമാണിത്.

വാർഡ് മെമ്പർമാർ, പി.ടി.എ., എസ്.എസ്.ജി. അംഗങ്ങൾ,അദ്ധ്യാപകർ എന്നിവരുടെ നേതൃത്വത്തിലാണ് ഗൃഹസന്ദർശനം നടത്തുന്നത്. ഇതിനായി പ്രത്യേകം തയ്യാറാക്കിയ ചോദ്യാവലി ഉപോയഗിക്കുന്നുണ്ട്. അതിലൂടെ പഠിതാക്കളുടെ സാമൂഹിക സാമ്പത്തിക അവസ്ഥ, അഭിരുചികൾ, പഠന-പഠനാനുബന്ധ പ്രവർത്തനങ്ങളിൽ അവർ നേരിടുന്ന വെല്ലുവിളികൾ എന്നിവ തിരിച്ചറിയാൻ കഴിയുന്നുണ്ട്.

ഇത്തരം ഒരു പ്രവർത്തന മാതൃകയുടെ ഉദ്ഘാടനം നിർവ്വഹിച്ചത് ബഹുമാനപ്പെട്ട ഒറ്റപ്പാലം വിദ്യാഭ്യാസ ഓഫീസറായ ശ്രീ. ഡി. ഷാജിമോൻ ആണ്. വാർഡ് മെമ്പർമാർ, പി.ടി.എ., എസ്.എസ്.ജി അംഗങ്ങൾ, അദ്ധ്യാപകർ എന്നിവരുടെ സാന്നിദ്ധ്യത്തിലായിരുന്നു ചടങ്ങ്.

ഓരോ കുട്ടിയും ഓരോ യൂണിറ്റാണ് എന്ന തിരിച്ചറിവാണ് ഗൃഹസന്ദർശനം പദ്ധതിയുടെ അടിസ്ഥാനം. പഠിതാക്കളുടെ ഭൗതികവും വൈയ്യക്തികവുമായ സാഹചര്യങ്ങൾ തിരിച്ചറിഞ്ഞ് ബോധാന്തരീക്ഷം രൂപപ്പെടുത്തുമ്പോഴാണ് മികവുറ്റതായി തീരുന്നത്.

**പ്രവർത്തനം -1**

പഠിതാക്കളുടെ കുടംബവാർഷിക വരുമാനം ചോദ്യാവലിയിലെ ഒരു പ്രധാന ഇനമാണ്. വിദ്യാലയത്തിലെ 55% പേർ 12000ത്തിനും 50000ത്തിനും ഇടയിൽ മാത്രം വാർഷിക വരുമാന മുള്ളവരാണ്. 12000 ത്തിൽ താഴെ മാത്രം വാർഷിക വരുമാനമുള്ള 17% വിദ്യാർത്ഥികളുണ്ട്. 100000 ത്തിനും മുകളിൽ വാർഷികവരുമാനമുള്ള 6% പേരും വിദ്യാലയത്തിലുണ്ട്. പഠിതാക്കളുടെ ഭൗതിക സാഹചര്യം മനസ്സിലാക്കിയതിലൂടെ നിരാലംബരും അസുഖബാധിതരുമായ രക്ഷിതാ ക്കളുള്ള കുട്ടികൾക്ക് അദ്ധ്യാപക കൂട്ടായ്മയിലൂടെയും സ്പോൺസർഷിപ്പിലൂടെയും സാമ്പത്തി ക സഹായം നൽകാൻ സാധിച്ചിട്ടുണ്ട്. ബസ് ഫീസ്, മറ്റു ഫീസിനങ്ങൾ എന്നിവയിൽ ഇവർക്ക് ആനുകൂല്യം നൽകിവരുന്നുണ്ട്. ഇത്തരം വിദ്യാർത്ഥികൾക്ക് സ്കൂൾ യൂണിഫോം സൗജന്യ മായി നൽകുന്നുണ്ട്.

**പ്രവർത്തനം -2**

പഠിക്കാൻ പ്രയാസമുള്ള വിഷയം ചോദ്യാവലിയിലെ മറ്റൊരു പ്രധാന ഇനമായിരുന്നു. ഇതിലൂടെ ബുദ്ധിമുട്ടുള്ളതായി അനുഭവപ്പെടുന്ന വിഷയങ്ങളിൽ പ്രത്യേക ശ്രദ്ധ നൽകാൻ സാധിച്ചു. പഠിക്കാൻ പ്രയാസമുള്ളതായി കണ്ടെത്തിയ ഇംഗ്ലീഷ്, ഹിന്ദി, ഗണിതം, ഫിസിക്സ് തുടങ്ങിയ വിഷയങ്ങൾക്ക് പ്രത്യേക ക്ലാസുകൾ ഏർപ്പെടുത്താൻ സാധിച്ചിട്ടുണ്ട്.

**പ്രവർത്തനം -3**

പഠിതാക്കൾക്ക് താൽപര്യമുള്ള പഠാനുബന്ധ മേഖലകളായ സംഗീതം, ചിത്രകല, പഞ്ചവാദ്യം, ചെണ്ടമേളം, ആയോധന കലകൾ, പ്രവർത്തിപരിചയം, കായികം തുടങ്ങിയവയ്ക്ക് പ്രത്യേക പരിശീലനത്തിനുള്ള സാഹചര്യം രൂപപ്പെടു ത്താൻ കഴിഞ്ഞിട്ടുണ്ട്. ചിത്രകലയിൽ പ്രഗൽഭ്യമുള്ള രക്ഷിതാക്കളുടെ സൃഷ്ടികൾ ഉൾപ്പെടുത്തി ആർട്ട് ഗാലറി വിപുലീകരിച്ചിട്ടുണ്ട്. രക്ഷിതാക്കളുടെ അഭ്യർത്ഥന മുൻനിർത്തി പെൺകുട്ടികൾക്കായി പ്രത്യേകം ഫുട്ബോൾ കോച്ചിംഗ് ക്യാമ്പ് നടത്തിവരുന്നുണ്ട്.

രഷ്ട്രപിതാവായ മഹാത്മഗാന്ധിയുടെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തെ മുൻ നിർത്തി വിദ്യാർത്ഥികൾക്ക് സൗജന്യ പഞ്ചവാദ്യ പരിശീലനം നൽകിവരുന്നുണ്ട്. ഒരു ജീവിതോപാധി എന്ന നിലയിൽ ഇത് ഉപകാരപ്രദമാണ്.

**പ്രവർത്തനം -4**

വ്യത്യസ്ത തൊഴിൽ മേഖലകളിൽ പ്രവീണ്യം സിദ്ധിച്ച രക്ഷിതാക്കളെ കണ്ടെത്താനും അവരുടെ നൈപുണി പഠിതാക്കൾക്ക് പ്രയോജനപ്പെടുത്താനുള്ള സാഹചര്യം രൂപ്പപെടുത്തി. ഇത്തരത്തിലുള്ള രക്ഷിതാക്കളുടെ വിവരങ്ങൾ രേഖപ്പെടുത്തിവെക്കുകയും ഭാവി പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. (ഉദാഹരണം - ചോക്ക് നിർമ്മാണം, പാവ നിർമ്മാണം, പേപ്പർ ബാഗ് നിർമ്മാണം മുതലായവ)

**പ്രവർത്തനം -5**

ഗൃഹസന്ദർശത്തിന്റെ ഭാഗമായി അസുഖബാധിതരായ വിദ്യാർത്ഥികളേയും രക്ഷിതാ ക്കളെയും കണ്ടെത്തി. അവരുടെ പ്രശ്നപരിഹാരത്തിന്റെ ഭാഗമെന്ന നിലയിൽ സൗജ്യ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു.

**പ്രവർത്തനം -6**

കുടുംബപ്രശ്നങ്ങൾ നേരിടുന്ന വിദ്യാർത്ഥികൾ അനുഭവിക്കുന്ന ആത്മസംഘ ർഷങ്ങളെ തിരിച്ചറിയുകയും പരിഹാരമാർഗ്ഗമെന്ന നിലയിൽ പ്രത്യേക കൗൺ സിലിംഗ് വിങ്ങിന് രൂപം നൽകുകയും ചെയ്തു.

**പ്രവർത്തനം -7**

പ്രത്യേക പരിഗണന അർഹിക്കുന്ന പഠിതാക്കളുടെ ഗൃഹസന്ദർശനത്തിന് പ്രധാനാദ്ധ്യാപിക ഉൾപ്പെടുന്ന സംഘത്തിന് രൂപം നൽകി. പാഠ്യാനുബന്ധ പ്രവർത്ത നങ്ങളിൽ കൂടി ഇത്തരം പഠിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ കരുതലുകൾ സ്വീകരിച്ചു.

## മൂല്യ നിർണ്ണയ ചുമതല

അക്കാദമിക്ക് മാസ്റ്റർപ്ലാൻ അഞ്ചു ഘട്ടങ്ങളിലായാണ് നടപ്പിലാക്കുന്നത്. ഓരോ ഘട്ടത്തേയും രണ്ട് ടേംസായി തിരിക്കുന്നു. പ്രവർത്തനങ്ങൾ വിലയിരുത്താൻ DDE, DEO, DIET, AEO, BPO എന്നിവരുടെ പ്രതിനിധികൾ എച്ച്.എം, എസ്.ആർ.ജി., പി.ടി.എ., എസ്.എസ്.ജി. അംഗങ്ങൾ എന്നിവരെ ചുമതലപ്പെടുത്തുന്നു.

## ഉപസംഹാരം

ആരോഗ്യകരമായ സമൂഹത്തെ സൃഷ്ടിക്കുന്നത് വിദ്യാലയമാണ്. അതുകൊണ്ട് തന്നെ സമൂഹത്തിന്റെ ഒരു ചെറിയ പതിപ്പായി വിദ്യാലയത്തെ കാണാം. എങ്കിലും പൊതുവിദ്യാഭ്യാസം ഇന്ന് ഒരുപാട് പ്രതിസന്ധികളിലൂടെയാണ് കടന്ന് പോകുന്നത്. അവയെ മറികടക്കാൻ അക്കാദമിക മാസ്റ്റർപ്ലാൻ ഒരു മുതൽ ക്കൂട്ടാകുമെന്ന് ഞങ്ങൾ ഉറച്ചു വിശ്വസിക്കുന്നു.